2024 DECEMBER
12
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

### ലൈഫ് -ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടം ധാരണാപത്രം ഒപ്പിട്ടു

# ആയിരം ഭൂരഹിതർക്ക് കൂടി ഭൂമി നൽകും

**തിരുവനന്തപുരം:** ലൈഫ് ഗുണഭോക്താക്കളായ ആയിരം ഭൂരഹിതർക്ക് കൂടി ഭൂമി ലഭ്യമാക്കുന്നതിന് കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ ലൈഫ് മിഷനുമായി രണ്ടാം ഘട്ടം ധാരണാപത്രം ഒപ്പിട്ടു. മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ ലൈഫ് മിഷൻ ചീഫ് എക്സിക്യുട്ടീവ് ഓഫീസർ സൂരജ് ഷാജിയും കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജോർജ്ജ് സ്ലീബയുമാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്. ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അതിദരിദ്ര വിഭാഗത്തിൽ ഭൂമിയും വീടും വേണ്ടവർക്കാണ് പ്രധമ പരിഗണനന. ഭൂമി വാങ്ങാൻ ഒരു കുടുംബത്തിന് രണ്ടര ലക്ഷം രൂപ വരെയാണ് അനുവദിക്കുക. എല്ലാ ജില്ലകളിലേയും അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് ഈ പദ്ധതിയുടെ ഭാഗമായി ഭൂമി ലഭ്യമാക്കും. ഭൂമി ലഭ്യമായാലുടൻ ലൈഫ് മിഷൻ മുഖേന അടച്ചുറപ്പുള്ള വീടുകൾ ഒരുക്കും.ഭൂരഹിത / ഭവനരഹിതരായ ലൈഫ് ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളിൽ പങ്കാളിയായ പ്രമുഖ സ്ഥാപനമാണ് കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും ലൈഫ് മിഷനും കൈകോർത്ത് കൊണ്ട് നടപ്പിലാക്കിയ ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതിയുടെ ആദ്യ ഭാഗമായി എറണാകുളം, ആലപ്പുഴ, കാസറഗോഡ് എന്നീ ജില്ലകളിലെ 1000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഇതിനകം തന്നെ സാധിച്ചിട്ടുണ്ട്. 25 കോടി രൂപയാണ് ഫൗണ്ടേഷൻ ഇതിനായി ചെലവഴിച്ചത്. ഇപ്രകാരം ഭൂമി ലഭിച്ചവരിൽ 911 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം ലൈഫ് മിഷൻ വഴി ആരംഭിച്ചിട്ടുണ്ട്. ഒന്നാം ഘട്ടം ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചതിന് പിന്നാലെയാണ്, 1000 ഭൂരഹിതർക്ക് കൂടി ഭൂമി ലഭ്യമാക്കുന്നതിന് ഫൗണ്ടേഷൻ താൽപര്യം അറിയിച്ചത്. ഇതിനുള്ള ധാരണാപത്രത്തിലാണ് ഇന്നലെ ഒപ്പിട്ടത്.

## ഊർജസംരക്ഷണം: അവാർഡുകൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ ഏർപ്പെടുത്തിയ സംസ്ഥാന ഊർജ സംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു.സംസ്ഥാന ഊർജ വകുപ്പ് സ്ഥാപനമായ എനർജി മാനേജ്മെന്റ് സെന്ററാണ് അവാർഡുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. വൻകിട ഊർജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ ഉപഭോക്താക്കൾ, ചെറുകിട ഊർജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, സംഘടനകൾ/സ്ഥാപനങ്ങൾ, ഊർജക്ഷമതയുള്ള ഉൽപ്പന്നങ്ങളുടെ പ്രമോട്ടർമാർ, ആർക്കിടെക്ചറൽ സ്ഥാപനങ്ങളും ഗ്രീൻ ബിൽഡിംഗ് കൺസൾട്ടൻസികളും എന്നീ വിഭാഗങ്ങളിലായാണ് അപേക്ഷകൾ ക്ഷണിച്ചത്. അവാർഡിനായി ലഭ്യമായ അപേക്ഷകൾ സർക്കാർ നിയോഗിച്ച സംസ്ഥാനതല ജഡ്ജിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിലയിരുത്തിയാണ് അവാർഡുകൾ പ്രഖ്യാപിച്ചത്.അവാർഡിനായി അപേക്ഷ നൽകിയവർ ആകെ 43 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും 60278 ടൺ ഇന്ധനവും ലാഭിച്ചു. വൻകിട ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ എറണാകുളം ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (എഅഇറ), കോഴിക്കോട് പീകെ സ്റ്റീൽ കാസ്റ്റിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ അവാർഡ് പങ്കിട്ടു. ഒരു ലക്ഷം രൂപ ക്യാഷ് അവാർഡും പ്രശസ്തി പത്രവുമാണ് സമ്മാനം.

## കേന്ദ്ര നികുതി വിഹിതം 50 ശതമാനം ആക്കണമെന്ന് കേരളം

**തിരുവനന്തപുരം:** സംസ്ഥാനങ്ങളുമായി കേന്ദ്രം പങ്കു വയ്ക്കുന്ന നികുതി വിഹിതം 50 ശതമാനമായി ഉയർത്തണമെന്ന് കേരളം പതിനാറാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടതായി കമ്മീഷൻ ചെയർമാൻ പ്രൊഫ. അരവിന്ദ് പനഗാരിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള വിഹിതം 41 ശതമാനമെന്നാണ് നിശ്ചയിച്ചത്. കേരളത്തിന്റേതിനു സമാനമായ ശുപാർശ കമ്മീഷൻ സന്ദർശിച്ച മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ടെന്ന് ചെയർമാൻ പറഞ്ഞു. നിലവിൽ കേരളം ഉൾപ്പെടെ 14 സംസ്ഥാനങ്ങൾ കമ്മീഷൻ സന്ദർശിച്ചു.

കേന്ദ്രം പങ്കുവയ്ക്കുന്ന നികുതി വിഹിതം നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിലും വലിയ മാറ്റം കേരളം നിർദ്ദേശിച്ചിട്ടുണ്ട്. ജനസാന്ദ്രതാടിസ്ഥാനത്തിൽ വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം പുതിയതായി ഉൾപ്പെടുത്തണമെന്നാണ് കേരളം മുന്നോട്ടു വച്ച ഒരു ആവശ്യമെന്ന് ചെയർമാൻ പറഞ്ഞു. ഈ മാനദണ്ഡത്തിലൂടെ രണ്ടര ശതമാനം നികുതി വിഹിതം നിശ്ചയിക്കണം. ദുരന്തനിവാരണത്തിനായി കൂടുതൽ വിഹിതം കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിശീർഷക വരുമാനം കുറവുള്ള സംസ്ഥാനങ്ങൾക്ക് നിലവിൽ കൂടുതൽ വിഹിതം ലഭിക്കുന്നുണ്ട്. ഇത്തരത്തിലുള്ള വിഹിതം നിലവിലെ 45 ശതമാനത്തിൽ നിന്ന് 30 ശതമാനമാക്കണമെന്ന് കേരളം നിർദ്ദേശിച്ചു.ഭൂവിസ്തൃതി മാനദണ്ഡപ്രകാരമുള്ള വിഹിതം 15 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമാക്കണം, ജനസംഖ്യാടിസ്ഥാനത്തിലുള്ള വിഹിതം 15 ശതമാനത്തിൽ നിന്ന് 32.5 ശതമാനമാക്കണം, ഇതിനായി 2011ലെ സെൻസസ് പരിഗണിക്കുന്നതിനു പകരം 1971ലെ സെൻസസ് അടിസ്ഥാനമാക്കണം, വനമേഖലാ മാനദണ്ഡപ്രകാരമുള്ള വിഹിതം 10 ശതമാനത്തിൽ നിന്ന് 7.5 ശതമാനമായി കുറയ്ക്കണം തുടങ്ങി വിവിധ ആവശ്യങ്ങളാണ് കേരളം മുന്നോട്ടു വച്ചതെന്ന് കമ്മീഷൻ ചെയർമാൻ അറിയിച്ചു. കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളുടെ പ്രകടനം മികച്ചതാണെന്നും കമ്മീഷൻ വിലയിരുത്തി. സെസ്, സർചാർജ് ഇനത്തിലുള്ള വരുമാനം പൂർണമായി കേന്ദ്രത്തിനാണ് ലഭിക്കുന്നത്. ഈ വിഷയവും വിവിധ സംസ്ഥാനങ്ങൾ ഉന്നയിച്ചു. എന്നാൽ അത് സങ്കീർണമായ പ്രശ്നമാണെന്ന് അദ്ദേഹം വ്യക്തമാക്കി. കമ്മീഷൻ അംഗങ്ങളും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.



## ’സുരക്ഷിത മാർഗ്’ പദ്ധതി : ഉദ്ഘാടനം ഇന്ന്

**കൊച്ചി:** വിദ്യാർഥികളെയും മാതാപിതാക്കളെയും റോഡ് സുരക്ഷ സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന ’ സുരക്ഷിത മാർഗ് ’ റോഡ് സുരക്ഷ സ്കൂളുകളിലൂടെ പദ്ധതിയുടെ ഉദ്ഘാടനവും ലോഗോ പ്രകാശനവും തൃക്കാക്കര കൊച്ചിൻ പബ്ലിക് സ്കൂളിൽ ഇന്ന് നടക്കും. സ്കൂൾ ഓഡിറ്റോറിയത്തിൽ രാവിലെ 09.30 ന് നടക്കുന്ന സമ്മേളനത്തിൽ എറണാകുളം ജോയ്ന്റ് ആർ.ടി.ഒ സി.ഡി.അരുൺപദ്ധതിയുടെ ഉദ്ഘാടനവും ലോഗോ പ്രകാശനവും നിർവ്വഹിക്കും. എസ്.സി.എം.എസ് ഇൻസ്റ്റിറ്റിയൂട്ട് ഫോർ റോഡ് സേഫ്റ്റി ആന്റ് ട്രാൻസ്പോർട്ടേഷൻ ഡയറക്ടർ ജി. ആദർശ്കുമാർ പദ്ധതി വിശദീകരിക്കും. തുടർന്ന് ക്വിസ് മൽസരവും ഉണ്ടാകും. മൂന്നു മാസത്തോളം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി സ്റ്റേറ്റ്, സിബിഎസ്ഇ ഉൾപ്പെടെ ജില്ലയിലെ മുഴുവൻ സ്കൂളുകളിലെയും ഒന്നു മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർഥികൾക്കായി 2025 ജനുവരി രണ്ടിന് നടത്തുന്ന ഇന്റർ സ്കൂൾ പെയിന്റിംഗ് മൽസരത്തിനുള്ള രജിസട്രേഷനും ആരംഭിച്ചിട്ടുണ്ട്. താൽപര്യമുള്ള വിദ്യാർഥികൾക്ക് https://forms.gle/DuzpCRrwvSPnuV8MA എന്ന ലിങ്ക് വഴിയോ 9176195782 എന്ന നമ്പറിലോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കുറ്റുക്കാരൻ ഓട്ടോമൊബാൽസിന്റെ സിഎസ്ആർ ഫണ്ടുപയോഗിച്ചാണ് സുരക്ഷിതമാർഗ് പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നത്.

## കുടുംബശ്രീ സ്വയം തൊഴിൽ വായ്പ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കുടുംബശ്രീ സ്വയം തൊഴിൽ വായ്പയ്ക്ക് (5,00,000. വരെ) 18 നും 55 നും ഇടയിൽ പ്രായമുള്ള പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപെട്ട വനിതാ അംഗങ്ങൾ മാത്രം ഉൾപ്പെട്ട കുടുംബശ്രീ, സ്വാശ്രയ സംഘങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ വൈറ്റിലയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ ജില്ലാ കാര്യാലയവുമായി ബന്ധപ്പെടുക. ഫോൺ 0484232663; 9400068507.

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ : അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റൂട്രോണിക്സ് സർട്ടിഫിക്കറ്റോട് കൂടി തിരുവനന്തപുരം, ആറ്റിങ്ങൽ അംഗീകൃത പഠനകേന്ദ്രങ്ങളിലേക്ക് ഒരുവർഷം ദൈർഘ്യമുള്ള പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സിലേക്ക് ഇൻറ്റേൺഷിപ്പോടു കൂടി റഗുലർ, പാർട്ട് ടൈം ബാച്ചുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു കഴിഞ്ഞവ4ക്ക് അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് ഫോൺ 7994926081.

## ടെൻഡറുകൾ ക്ഷണിച്ചു

**കൊച്ചി:** ജില്ലയിൽ ഇടപ്പള്ളി ഐ.സി.ഡി.എസ് പ്രോജക്ടിലെ 101 അങ്കണവാടികളിലേക്ക് 202324 വർഷത്തിൽ ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നതിനു താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 23ന് ഉച്ചക്ക് ഒന്നു വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നമ്പർ: 04842421383.

## കെടെറ്റ് സർട്ടിഫിക്കറ്റ് വിതരണം

**കൊച്ചി:** ജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലുള്ള 2024 ഒക്ടോബർ വരെ കെടെറ്റ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷ9 നടത്തിയ ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് വിതരണം ഡിസംബർ 11 ന് ബുധനാഴ്ച മുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നടക്കും.

## പുതിയ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ നോർക്ക റൂട്ട്സ് അറ്റസ്റ്റേഷന് യോഗ്യമായ പ്രൊഫഷണൽ ഡിപ്ലോമ ഇൻ മൊബൈൽ ഫോൺ ടെക്നോളജിയുടെ പുതിയ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടാതെ മറ്റ് തൊഴിലധിഷ്ഠിത കോഴ്സുകളായ ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രെയിനിംഗ്, ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനനിസ്ട്രേഷൻ എന്നീ കോഴ്സുകളിലേക്കും അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് കെൽട്രോൺ നോളജ് സെൻറർ, രാം നില, സാന്റോ കോംപ്ലക്സ്, റെയിൽവേ സ്റ്റേഷൻ റോഡ്, ആലുവ വിലാസത്തിലോ 8136802304 നമ്പറിലോ ബന്ധപ്പെടാം.

# സ്പെഷ്യൽ ഹാൻഡ്ലൂം എക്സ്പോ ഡിസംബർ 15 വരെ



**കൊച്ചി:** രാജ്യത്തിന്റെ വിവിധ കോണിലുള്ള നെയ്ത്തുകാർ തുന്നിയെടുത്ത മനോഹരമായ വസ്ത്രങ്ങളുടെ കമനീയ ശേഖരം കൊ് ശ്രദ്ധേയമാവുകയാണ് സ്പെഷ്യൽ ഹാൻഡ്ലൂം എക്സ്പോ. ലിസി ജംഗ്ഷനിലെ റെന ഇവന്റ് ഹബ്ബിൽ തിങ്കളാഴ്ച്ച ആരംഭിച്ച പ്രദർശന മേള സിനിമാ താരം അഞ്ജലി നായർ ഉദ്ഘാടനം ചെയ്തു. കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം, ഹാൻഡ്ലൂം ഡെവലപ്മെന്റ് കമ്മീഷണർ എന്നിവരുടെ സഹകരണത്തോടെ നാഷണൽ ഡിസൈൻ സെന്റർ (എൻഡിസി) സംഘടിപ്പിക്കുന്നതാണ് മേള. വിവിധതരം സാരികളുടെ വലിയ ശേഖരമാണ് മേളയുടെ പ്രധാന ആകർഷണം. മധ്യപ്രദേശിൽ നിന്നുള്ള ചന്ദേരി, ഒഡിഷയിൽ നിന്നുള്ള ഇക്കത്ത്, ബംഗാളിൽ നിന്നുള്ള ജംദാനി, കാശ്മീരിൽ നിന്നുള്ള പഷ്മിന ഷാളുകൾ എന്നിവ മേളയെ ശ്രദ്ധേയമാക്കുന്നു. ചേന്ദമംഗലം, ബാലരാമപുരം കൈത്തറി സംഘങ്ങളുടെ മനോഹര വസ്ത്രങ്ങളും ഇവിടെ ലഭ്യമാണ്.ഒരാഴ്ച്ച നീു നിൽക്കുന്ന എക്സ്പോ ഈ മാസം 15 ന് അവസാനിക്കും. രാവിലെ 11:00 മുതൽ രാത്രി 8:00 വരെയാണ് സമയം. ഇന്ത്യയിലുടനീളമുള്ള കൈത്തറി നെയ്ത്തുകാർ,സ്വയം സഹായ സംഘങ്ങൾ, കോർപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവരുടെ 70 സ്റ്റാളുകളാണ് എക്സ്പോയിലുള്ളത്. 50ലധികം വ്യത്യസ്ത നെയ്ത്തുകൾ പ്രദർശിപ്പിക്കുന്നതിനൊപ്പം, അതുല്യമായ കൈത്തറി പൈതൃകത്തെ അടുത്തറിയാനും എക്സ്പോ അവസരമൊരുക്കുന്നു.സാരികൾക്ക് പുറമെ, ഷാളുകൾ, ഹോം ഫർണിഷിംഗ് സാധനങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങളും പ്രദർശന മേളയിൽ ലഭ്യമാണ്. പരമ്പരാഗത ഇന്ത്യൻ കൈത്തറി വസ്ത്ര വിപണനം പ്രോത്സാഹിപ്പിക്കുക, ഹാൻഡ്ലൂം വ്യവസായത്തിന് ദേശീയവും ആഗോളവുമായ വിപണി ബന്ധങ്ങൾ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെയാണ് എക്സ്പോ സംഘടിപ്പിച്ചിരിക്കുന്നത്.

# നവീകരിച്ച മാലിപുറം കണ്ടൽ പാർക്ക് ഉദ്ഘാടനം ചെയ്തു



**വൈപ്പിൻ:** മത്സ്യഫെഡിന്റെ മാലിപുറത്ത് സ്ഥിതി ചെയ്യുന്ന കൽ പാർക്ക് നവീകരിച്ചത് നെറ്റ് മെൻഡിങ് യാർഡിൽ കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ദീർഘകാലമായി അടഞ്ഞു കിടന്ന പ്രാദേശിക പൈതൃകത്തിന് നവജീവൻ നൽകുന്നതാണ് പുതിയ പ്രോജക്ട് എന്നു അദ്ദേഹം പറഞ്ഞു.മത്സ്യത്തിന്റെ പ്രജനനത്തിനു സഹായകമായ കൽ പാർക്ക് ടൂറിസ്റ്റുകളെ വൻതോതിൽ ആകർഷിക്കുമെന്നും അദ്ദേഹം പറഞ്ഞു.അപ്പോളോ ടയേഴ്സുമായി സഹകരിച്ച് സിഎസ്ആർ ഉപയോഗിച്ചാണ് പാർക്ക് മത്സ്യഫെഡ് പുനരുജ്ജീവിപ്പിച്ചത്. എളങ്കുന്നപ്പുഴ പഞ്ചായത്ത് പ്രസിഡൻറ് രസികല പ്രിയരാജ് അധ്യക്ഷത വഹിച്ചു. അപ്പോളോ ടയറ്സ് സിഎസ്ആർ ഹെഡ് റിനിക ഗ്രോവർ കൽ പാർക്കിന്റെ ഔദ്യോഗിക മസ്കോട്ട് അനാവരണം ചെയ്തു. കൽ പ്രൊജക്ട് എത്രത്തോളം പ്രാധാന്യം ഉള്ളതാണ് എന്നും പ്രദേശവാസികളുടെ സഹായത്താൽ മാത്രമേ ഇത് വിജയകരമാക്കാൻ സാധിക്കൂ എന്നും അവർ പറഞ്ഞു. മത്സ്യഫെഡ് ഡയറക്ടർ ബോർഡ് അംഗം പി ബി ഫ്രാൻസിസ് സ്പീഷീസ് ബോർഡ് പ്രകാശനം ചെയ്തു.മത്സ്യഫെഡ് അംഗം ലതാ ഉണ്ണിരാജ് കുട്ടികൾക്ക് കൽ തൈ കൈമാറി. ഫോറസ്റ്റ് കൺസർവേറ്റർ ഇന്ദു വിജയൻ കൽ തൈ നടുന്നതിലൂടെ പരിസ്ഥിതി സംരക്ഷിക്കുന്നതെങ്ങനെയെന്ന സന്ദേശം നൽകി.മത്സ്യഫെഡ് ഡയറക്ടർ ബോർഡ് അംഗം ടി രഘുവരൻ, വാർഡ് അംഗം കെ ആർ സുരേഷ് ബാബു, മത്സ്യഫെഡ് മാനേജർ ടി സുധ, മത്സ്യഫെഡ് മാനേജർഡോ. പ്രശാന്തൻ വി, ഫാം മാനേജർ അഭിജിത്ത് ഇ കെ , മത്സ്യഫെഡ് മാനേജർ (കോമേഴ്സ്) കെ സുഹൈർ എന്നിവർ സംസാരിച്ചു.

# പൊക്കാളി കൃഷി യന്ത്രവത്കരിക്കാൻ ശ്രമം തുടരുന്നു: ഡോ എ കെ ശ്രീലത




**കൊച്ചി:** പൊക്കാളി കൃഷി യന്ത്രവത്കരിക്കുന്നതിന ശ്രമങ്ങൾ തുടരുന്നതായി വൈറ്റില റൈസ് റിസർച്ച് സ്റ്റേഷനിലെ ഡോ. എ കെ ശ്രീലത. ധാരാളം തൊഴിൽ ശക്തി ആവശ്യമായ മേഖലയാണിത്. ഈ സാഹചര്യത്തിലാണ് യന്ത്രവത്കരണത്തിനു പ്രാധാന്യം നൽകുന്നത്.ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായി കൊച്ചിൻ ഷിപ്പ് യാർഡിന്റെ സിഎസ്ആർ ഫുപയോഗിച്ച് പ്ലാൻ @ എർത്ത് എന്ന എൻജിഒയുടെ സഹകരണത്തോടെ കർത്തേടം സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'പൊക്കാളി കൃഷി നേരിടുന്ന പ്രശ്നങ്ങൾ' എന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അവർ.ഒരാളോളം ഉയരത്തിൽ ആളുന്ന പൊക്കാളിക്ക് അസിഡിറ്റിയെയും ഉപ്പിനെയും വെള്ളക്കെട്ടിനെയും പ്രതിരോധിക്കാൻ കഴിവുങ്കിലും കൃഷിക്കാർ വളരെ കുറവാണെന്ന് ഡോ. ശ്രീലത പറഞ്ഞു. യാതൊരു വിധ വളമോ കീടനാശിനികളോ പൊക്കാളി കൃഷിക്ക് ആവശ്യമില്ലെന്നും അവർ പറഞ്ഞു.ലോക പൈതൃക പട്ടികയിൽപെട്ട പൊക്കാളി സംരക്ഷിക്കേണ്ട് അനിവാര്യമാണെന്ന് ഈ കാർഷിക മേഖലയിൽ 30വർഷത്തെ അനുഭവ സമ്പത്തുള്ള എം ചാന്ദു പറഞ്ഞു. ധാരാളമുായിരുന്ന പൊക്കാളി നെല്ല് കർഷകർ ഇപ്പോൾ വിരലിലെണ്ണാവുന്നവർ മാത്രമെന്ന നിലയ്ക്കു കുറഞ്ഞിരിക്കുന്നു. പലരും നിവൃത്തിയില്ലാതെ മറ്റു വൃത്തികളിലേക്ക് ചുവടു മാറ്റിയിരിക്കുകയാണെന്നും ചാന്ദു വിശദീകരിച്ചു.പല കൃഷിയിടങ്ങളും മറുനാട്ടിൽ കഴിയുന്ന, സമ്പന്നരുടേതാണെന്ന് പൊക്കാളി കർഷക പ്രതിനിധി ജോസഫ് പറഞ്ഞു. ഭൂമിയുടെ ജലസ്രോതസായ നെൽ വയലുകൾ സംരക്ഷിക്കേണ്ട് ഏവരുടേയും കടമയാണ്. മാനവരാശിയുടെ നിലനിൽപ്പിനാധാരമായ കാർഷിക വൃത്തി ഇന്ന് ഏറെ പിന്നോക്കം പോയി. മറുനാടുകളിൽ നിന്ന് കാർഷികോൽപന്നങ്ങൾ വരുമ്പോൾ വിലക്കയറ്റവും ആരോഗ്യനാശവുമായിരിക്കും ഫലമെന്നും ജോസഫ് പറഞ്ഞു.ഗ്രന്ഥശാലാ സംഘം കൊച്ചി താലൂക്ക് സെക്രട്ടറി കെ എസ് രാധാകൃഷ്ണൻ നന്ദി പറഞ്ഞു.

# ബാംബൂ ഫെസ്റ്റ് ഇന്നവസാനിക്കും

**കൊച്ചി:** മറൈൻ ഡ്രൈവിൽ നടക്കുന്ന ഇരുപത്തിയൊന്നാമത് ബാംബൂ ഫെസ്റ്റ് ഇന്ന് സമാപിക്കും. ഡിസംബർ 7ന് തുടങ്ങിയ മേളയിൽ വലിയ ജനപങ്കാളിത്തമാണ് ഉണ്ടായിരുന്നത്. 5000 മുതൽ 10000 ത്തിനുമുകളിൽ ആളുകൾ ദിനം പ്രതി മേളയിലേക്കെത്തിയിട്ടുണ്ടെന്നാണ് ഏകദേശ കണക്ക്.180 സ്റ്റാളുകളിലായി കേരളത്തിൽ നിന്നും 300ഉം 10 ഇതര സംസ്ഥാനങ്ങളിൽ നിന്നായി 50 ഓളം മുള കരകൗശല പ്രവർത്തകരും മുള അനുബന്ധ സ്ഥാപനങ്ങളുമാണ് ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്നത്. ഭൂട്ടാനിൽ നിന്നുള്ളവരുടെ പങ്കാളിത്തം രാജ്യാന്തര തലത്തിലേയ്ക്ക് കൂടി മേളയെ എത്തിക്കാനായി.സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിച്ച ഡിസൈൻ വർക്ക്ഷോപ്പിലും പരിശീലന പരിപാടികളിലും രൂപകൽപ്പന ചെയ്ത വിവിധ ഉൽപ്പന്നങ്ങൾ മേളയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ക്രിസ്മസ് അടുത്തതിനാൽ അതിനോടനുബന്ധിച്ച അലങ്കാര വസ്തുക്കൾക്കും മുളകൊണ്ടുള്ള പുഷ്പങ്ങൾക്കും ആദ്യ ദിവസം തന്നെ ആവശ്യക്കാർ ഏറെയായിരുന്നു. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള മുള ഉൽപ്പന്നങ്ങളും വൻ തോതിൽ വിറ്റഴിക്കാനായി. വിദേശത്തു നിന്നെത്തിയവരും ഇത്തവണത്തെ മേളയിൽ നിന്ന് ഒരുമിച്ച് ഓർഡർ നൽകിയിട്ടുണ്ട്. വയനാട്ടിൽ നിന്ന് മാത്രം 50ലധികം ആളുകളാണ് മേളയുടെ ഭാഗമായത്. മുള കൊണ്ട് നിർമിച്ച അടുക്കള ഉപകരണങ്ങൾ, അലങ്കാര വസ്തുക്കൾ, പെയിന്റിങ്, വുഡൻ ക്രാഫ്റ്റ്, ആഭരണങ്ങൾ എന്നിവ മേളയെ ആകർഷണീയമാക്കി. ഇവയൊക്കെ തന്നെയും ആദ്യ ദിവസം മേളയിൽ വിറ്റുപോയി. രാവിലെ 10.30 മുതൽ രാത്രി 8.30 മണി വരെയാണ് പ്രവേശനം. മേളയിൽ പ്രവേശനം സൗജന്യമാണ്.



## ക്രിസ്മസ് പുതുവത്സരാഘോഷം: സ്പെഷ്യൽ ഡ്രൈവ് കൺട്രോൾ റൂം തുറന്നു

**കൊച്ചി:** സംസ്ഥാനത്ത് ക്രിസ്മസ് പുതുവത്സരാഘോഷം 202425 നോട് അനുബന്ധിച്ച് എക്സൈസ് വകുപ്പ് മദ്യം മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നു. 2024 ഡിസംബർ ഒമ്പതു മുതൽ 2025 ജനുവരി നാലു വരെ നീ‌ു നിൽക്കുന്ന ക്രിസ്മസ് പുതുവത്സരാഘോഷം സ്പെഷ്യൽ ഡ്രൈവിനോടനുബന്ധിച്ച് ജില്ലാതലത്തിൽ ഒരു എക്സൈസ് പ്രിവന്റീവ് ഓഫീസറുടെ നേതൃത്വത്തിലും എല്ലാ താലൂക്കുകളിലും എക്സൈസ് സർക്കിൾ ഓഫീസ് കേന്ദ്രീകരിച്ചും സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ പ്രവർത്തിക്കും. ഇതിന്റെ ഭാഗമായി എക്സൈസ് ഡിവിഷൻ ഓഫീസ് കേന്ദ്രീകരിച്ചുള്ള കൺട്രോൾ റൂമിന്റെ പ്രവർത്തനം ആരംഭിച്ചു. വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉല്പാദനം, വിതരണം, കടത്തൽ സംബന്ധിച്ചുള്ള വിവരങ്ങൾ, പൊതുസ്ഥലങ്ങളിലുള്ള മദ്യപാനം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് കൺട്രോൾ റൂമിൽ അറിയിക്കാം. 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സുകൾ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ജില്ലയെ മൂന്ന് മേഖലകളായി തിരിച്ച് പ്രവർത്തിക്കുന്നു. നോർത്ത് പറവൂർ വരാപ്പുഴ, ആലുവ, പെരുമ്പാവൂർ, മാമല, കാലടി, അങ്കമാലി എന്നീ സ്ഥലങ്ങൾ ഉൾപ്പെടുന്ന ആലുവ മേഖല, മൂവാറ്റുപുഴ, പിറവം, കോതമംഗലം, കുട്ടമ്പുഴ എന്നീ സ്ഥലങ്ങൾ ഉൾപ്പെടുന്ന കോതമംഗലം ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, ഞാറയ്ക്കൽ, എറണാകുളം, തൃപ്പൂണിത്തുറ എന്നീ സ്ഥലങ്ങൾ ഉൾപ്പെടുന്ന കൊച്ചി മേഖല.

## പൈതൃക രേഖാ വിവർത്തകൻ: താത്കാലിക നിയമനം

**കൊച്ചി:** തൃപ്പൂണിത്തുറ സർക്കാർ സംസ്തൃത കോളേജിൽ ഹെറിറ്റേജ് ഡോക്യുമെന്റ് ട്രാ9സ് ലേറ്റർ (പൈതൃക രേഖാ വിവർത്തകൻ) തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് താത്കാലിക നിയമനം നടത്തുന്നു. യോഗ്യത സംസ്കൃതം ഐച്ഛിക വിഷയമായോ ഉപവിഷയമായോ എടുത്തിട്ടുള ള ബിരുദം. അല്ലെങ്കിൽ ബി.വിദ്വാൻ(സംസ്കൃതം) ശാസ്ത്ര ഭൂഷണം അല്ലെങ്കിൽ സംസ്കൃതത്തിലുള്ള മറ്റ് ഏതെങ്കിലും തത്തുല്യ ഡിപ്ലോമ. മലയാളവും ഇംഗ്ലീഷും കൂടാതെ തമിഴ് അല്ലെങ്കിൽ കന്നഡ ഭാഷ എഴുതാനും വായിക്കാനുമുള്ള കഴിവ്. താളിയോല ഗ്രന്ഥങ്ങൾ പകർത്തി എഴുതുവാനുള്ള പരിജ്ഞാനം (പ്രായോഗിക പരീക്ഷ മുഖേന പരിശോധിക്കുന്നതാണ്). താളിയോല ഗ്രന്ഥങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയത്തിലുള്ള സാമാന്യ പരിജ്ഞാനം. നല്ല കൈയക്ഷരം. താത്പര്യമുള്ള ഉദ്യോഗാർഥികൾ ഡിസംബർ 13ന് രാവിലെ 10.30 ന് അസൽ സർട്ടഫിക്കറ്റുകളുമായി പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമി കൊച്ചി, തിരുവനന്തപുരം സെന്ററുകളിൽ നടത്തുന്ന മൂവി ക്യാമറ പ്രൊഡക്ഷൻ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്നു മാസമാണ് കോഴ്സിന്റെ കാലാവധി. ഓരോ സെന്ററിലും 25 സീറ്റുകൾ ഉ്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000/ രൂപയാണ് ഫീസ്. പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ംംം.സല്യമഹമാലറശമമരമറലാ്യ.ീൃഴ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. പ്രായപരിധി ഇല്ല. പ്രമുഖ ക്യാമറ നിർമ്മാണ കമ്പനികളുടെ സാങ്കേതിക സഹായത്തോടെയാണ് കോഴ്സ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ലൈറ്റിംഗ്, ലെൻസ്, ചിത്രീകരണം മുതലായവയിൽ ഊന്നൽ നൽകി സമഗ്ര പഠന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 24. ഫോൺ: 04842422275, 9447607073

## കുടുംബശ്രീ ഹാപ്പി കേരളം: ജില്ലാതല പരിശീലനം ആരംഭിച്ചു

**കൊച്ചി:** കുടുംബശ്രീ നടപ്പാക്കുന്ന ഹാപ്പി കേരളം പദ്ധതിയുടെ ജില്ലാതല പരിശീലന പരിപാടി കീഴ്മാട് നിവേദിത ട്രെയിനിങ് സെന്ററിൽ ആരംഭിച്ചു.ഡിസംബർ 12 വരെയാണ് പരിശീലനത്തിന്റെ ആദ്യ ബാച്ച് സംഘടിപ്പിച്ചിരിക്കുന്നത്. കവളങ്ങാട്, മലയാറ്റൂർ, വാളകം, മുടക്കുഴ , ചിറ്റാറ്റുകര, ആലങ്ങാട്, കുന്നുകര എന്നീ സിഡിഎസുകളിലെ റിസോഴ്സ് പേഴ്സൺ കോഓർഡിനേറ്റർ, ബ്ലോക്ക് കോഓർഡിനേറ്റർമാർ ഉൾപ്പെടെയുള്ളവരാണു പരിപാടിയിൽ പങ്കെടുക്കുന്നത്.ഓരോ വ്യക്തിയുടെയും കുടുംബത്തിന്റെയും അതുവഴി സമൂഹത്തിന്റെയും സന്തോഷത്തെ തടസ്സപ്പെടുത്തുന്ന ഘടകങ്ങൾ തിരിച്ചറിയുകയും ആ തടസങ്ങളെ മറികടന്നു 'സന്തോഷ സമൂഹം' രൂപീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഹാപ്പി കേരളം'

# 'കരിയർ മീറ്റ്' സംഘടിപ്പിച്ചു



**കൊച്ചി:** എംപ്ലോയ്മെന്റ് വകുപ്പ് സംഘടിപ്പിക്കുന്ന കരിയർ ജ്വാല പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ കാലടി മുഖ്യ ക്യാമ്പസിൽ സംഘടിപ്പിച്ച കരിയർ മീറ്റ് രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. മഹാരാജാസ് കോളേജ് മുൻ പ്രിൻസിപ്പാൾ ഡോ. മേരി മെറ്റിൽഡ മുഖ്യപ്രഭാഷണം നടത്തി. വൊക്കേഷണൽ ഗൈഡൻസ് എംപ്ലോയ്മെന്റ് ഓഫീസർ സനോജ് കെ. എസ്. അധ്യക്ഷനായിരുന്നു. പ്രൊഫ. ജോസ് ആന്റണി, ലൂക്കോസ് ജോർജ്ജ്, വി. യു. ശ്രീലത, കുഞ്ഞുമോൾ യു. എന്നിവർ പ്രസംഗിച്ചു.

# ഇനി ഞാനൊഴുകട്ടെ ക്യാമ്പയിൻ തുടങ്ങി

**കൊച്ചി:** സംസ്ഥാനത്തെ നീർച്ചാലുകൾ ജനകീയമായി ശുചീകരിച്ച് പുനരുജ്ജീവിപ്പിക്കുന്നതിന് ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടത്തുന്ന ഇനി ഞാനൊഴുകട്ടെ ക്യാമ്പയിന്റെ ഭാഗമായി കൊച്ചി നഗരസഭയിലെ പുഞ്ചത്തോടിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പൊന്നുരുന്നിയിൽ നടന്ന ജനകീയ കൂട്ടായ്മയിൽ മുൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനും ജില്ലാ ജഡ്ജിയുമായിരുന്ന പി മോഹനദാസ് നിർവഹിച്ചു. കൊച്ചി നഗരസഭയിലെ വൈറ്റില, പൊന്നുരുന്നി, തമ്മനം, പാലാരിവട്ടം എന്നീ ഭാഗങ്ങളിലായാണ് പുഞ്ചത്തോട് ഒഴുകുന്നത്. തോട് ഒഴുകുന്ന പ്രദേശങ്ങളുടെ മാപ്പ് തയ്യാറാക്കൽ, ഭവന സന്ദർശനം, ബോധവത്കരണം, ആരോഗ്യ സർവ്വേ, നിയമബോധവത്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചു. നഗരസഭ, ഇറിഗേഷൻ തുടങ്ങി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് വീണ്ടെടുക്കൽ പ്രവർത്തനം നടത്തും. സംസ്ഥാനത്തെ ചെറുതും വലുതുമായ മുഴുവൻ നീർച്ചാലുകളേയും പൂർണ്ണമായും മാലിന്യമുക്തമാക്കി വീണ്ടെടുക്കുകയും തുടർ മലിനീകരണം തടയുകയും ചെയ്യുകയാണ് ക്യാമ്പയിന്റെ ലക്ഷ്യം. തെളിനീരൊഴുകിയിരുന്ന പുഞ്ചത്തോട് നിലവിൽ മാലിന്യം നിറഞ്ഞതാണ്. വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകളും വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഒഴുക്കി വിടുന്ന മലിന ജലവും പുഞ്ചതോടിന്റെ ഒഴുക്ക് കുറച്ചു. നഗരസഭ ഡിവിഷൻ കൗൺസിലർ അഡ്വ: ദിപിൻ ദിലീപ് അദ്ധ്യക്ഷത വഹിച്ചു. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി ആർ റെനീഷ് മുഖ്യപ്രഭാഷണം നടത്തി. ഹരിത കേരളം മിഷൻ ജില്ലാ കോഓഡിനേറ്റർ എസ്. രഞ്ജിനി പദ്ധതി വിശദീകരിച്ചു. സയൻസ് സെൻറർ തുരുത്തിക്കര എക്സിക്യൂട്ടിവ് ഡയറക്ടർ പി എ തങ്കച്ചൻ ബോധവത്കരണ ക്ലാസ് നയിച്ചു. 45ാം ഡിവിഷൻ കൗൺസിലർ സക്കീർ തമ്മനം, ഹരിതകേരളം മിഷൻ ആർ പി നിസ നിഷാദ്, ഡിവിഷൻ സെക്രട്ടറി ദിലീപ് കുമാർ തുടങ്ങിയവ4 പങ്കെടുത്തു.

# കെൽട്രോൺ നോളജ് സെന്ററിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

**കൊച്ചി:** കേരളസർക്കാർ പൊതുമേഖല സ്ഥാപനമായ കെൽട്രോണിന്റെ തൊടുപുഴയിലുള്ള നോളജ് സെന്ററിൽ, പിജിഡിസിഎ, ഡിസിഎ, വേഡ് പ്രൊസസ്സിങ് ആൻഡ് ഡേറ്റ എൻട്രി, ഓഫീസ് ഓട്ടോമേഷൻ,അനിമേഷൻ തുടങ്ങി തൊഴിലധിഷ്ഠിത കോഴ്സുകളിലേക്കുമുള്ള അഡ്മിഷൻ തുടരുന്നു.
ഫോൺ :04862228281, 7909228182

# സൗജന്യ വെബിനാർ

**കൊച്ചി:** കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അസാപ്പ് കേരള, ഇലക്ട്രിക്ക് വാഹന രംഗത്തെ തൊഴിൽ സാധ്യതകളെക്കുറിച്ച് സൗജന്യ വെബിനാർ സംഘടിപ്പിക്കുന്നു. 2024 ഡിസംബർ 15ന് വൈകീട്ട് 5 മണി മുതൽ 6 വരെയാണ് വെബിനാർ. ഫോൺ: 9495999688, 9495999658

# ബാലസൗഹൃദ രക്ഷാകർതൃത്വം: ബാലാവകാശ സംരക്ഷണ കമ്മീഷനുമായി കൈകോർത്ത് കുടുംബശ്രീ




**കൊച്ചി:** കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും എറണാകുളം കുടുംബശ്രീ ജില്ലാ മിഷനും സംയുക്തമായി ബാലസൗഹൃദ രക്ഷാകർതൃത്വത്തിനായി സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി ആലുവ മഹാത്മാഗാന്ധി മുനിസിപ്പൽ ടൗൺ ഹാളിൽനടന്നു.ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം കെ. കെ. ഷാജു ഉദ്ഘാടനം ചെയ്തു. ബാലസൗഹൃദ കേരളം, സുരക്ഷിത ബാല്യം സുന്ദര ഭവനം എന്നീ ലക്ഷ്യങ്ങളെ കുറിച്ച് അദ്ദേഹം സംസാരിച്ചു.ഉത്തരവാദിത്വപൂർണ രക്ഷാകർതൃത്വം എന്ന വിഷയത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എസ്. എസ്. വിനോദ് രക്ഷാകർതൃത്വത്തിന്റെ ഉത്തരവാദിത്വം, കുട്ടികളുടെ സംരക്ഷണ മാർഗങ്ങൾ എന്നിവയെ കുറിച്ച് സംസാരിച്ചു.ബാലാവകാശങ്ങളും കുട്ടികളുടെ നിയമങ്ങളും എന്ന വിഷയത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം കെ. കെ. ഷാജു കുട്ടികളുടെ അവകാശങ്ങളും നിയമപരമായ സംരക്ഷണ മാർഗങ്ങളും സംബന്ധിച്ച് ബോധവത്കരണ പരിശീലനം നൽകി.ഉത്തരവാദിത്തപൂർണ രക്ഷാകർതൃത്വം,കുട്ടികളുടെ അവകാശങ്ങൾ, ജീവിത നൈപുണ്യ വിദ്യാഭ്യാസം,കുട്ടികൾ നേരിടുന്ന മാനസിക പ്രശ്നങ്ങൾ എന്നീ വിഷയങ്ങളാണ് പരിശീലനത്തിനിടയിൽ പ്രധാനമായും ചർച്ച ചെയ്തത്. കുടുംബശ്രീ അംഗങ്ങൾക്ക് കുട്ടികളുടെ ശാരീരികമാനസിക സുരക്ഷാ ഉറപ്പിനായുള്ള പ്രായോഗിക മാർഗങ്ങളും മികച്ച രക്ഷാകർതൃത്വ മാതൃകകളും പരിശീലനത്തിൽ പങ്കുവച്ചു.ജില്ലാതലത്തിൽ 180 ലേറെ കുടുംബശ്രീ പ്രവർത്തകർ പരിപാടിയിൽ പങ്കെടുത്തു. ചടങ്ങിൽ കുടുംബശ്രീ ജില്ല മിഷൻ കോർഡിനേറ്റർ റ്റി.എം. റെജീന അധ്യക്ഷയായി അസിസ്റ്റന്റ് ജില്ലാ മിഷൻ കോഓർഡിനേറ്റർ കെ.സി. അനുമോൾ, ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ഷാനോ ജോസ്, ജില്ലാ ശിശു സംരക്ഷണ ഓഫീസർ കെ.എസ് സിനി, കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജറായ പൊന്നി കണ്ണൻ എന്നിവർ പങ്കെടുത്തു.

# വിവരാവകാശ നിയമംജനാധിപത്യത്തിന്റെ അഞ്ചാം തൂണ്: ഡോ. എ. അബ്ദുൽ ഹക്കീം



**കൊച്ചി:** ഇന്ത്യൻ ജനാധിപത്യത്തിന്റെ അഞ്ചാമത്തെ തൂണായി പൗരസഞ്ചയത്തെ രൂപപ്പെടുത്തിയത് വിവരാവകാശ നിയമമാണെന്നു സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ.എ. അബ്ദുൽ ഹക്കിം പറഞ്ഞു.എറണാകുളം സെന്റ് തെരേസാസ് കോളേജിൽ സംസ്ഥാന വിവരാവകാശ കമ്മിഷന്റെ സഹകരണത്തോടെ ആരംഭിച്ച വിവരാവകാശ ക്ലബ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.ജനങ്ങൾ നേരിട്ടു ജനാധിപത്യ പ്രക്രിയയിൽ ഇപ്പോൾ ഇടപെടുന്നുണ്ട്. അതിനു വഴിതുറന്നതു വിവരാവകാശ നിയമമാണ്. സർക്കാരിന്റെ ഫയലുകൾ പൊതുജനം പരിശോധിക്കുന്ന ആധികാരികമായ സംവിധാനം നമ്മുടെ രാജ്യത്തുണ്ടായതും ഈ നിയമത്തിന്റെ നേട്ടമാണ്.ആർടിഐ നിയമത്തെ കണ്ണിലെ കൃഷ്ണമണി പോലെ സംരക്ഷിച്ചു നിലനിർത്തേണ്ടതു ജനങ്ങളാണ്. അതു സർക്കാരിന്റേയോ ഉദ്യോഗസ്ഥരുടെയും മാത്രം ബാധ്യതയല്ല. വിവരാവകാശ നിയമത്തിന്റെ സംരക്ഷകരും പ്രചാരകരുമായി മാറേണ്ടതു വിദ്യാസമ്പന്നരായ യുവതയാണെന്നതിന്റെ സാഫല്യമാണ് കാമ്പസ് ആർടിഐ ക്ലബുകളെ ന്നും അദ്ദേഹം പറഞ്ഞു.കോളേജ് പ്രിൻസിപ്പൽ ഡോ. അൽഫോൻസാ വിജയ ജോസഫ് അധ്യക്ഷത വഹിച്ചു.ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി. ബി. ബിനു മുഖ്യ പ്രഭാഷണം നടത്തി. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് , പരിവർത്തൻ സംസ്ഥാന കോഡിനേറ്റർ ഐപ്പ് ജോസഫ്, ഡോ. കല എം. എസ്, ലക്ഷ്മി സി., ടി എ കാവ്യ എന്നിവർ പ്രസംഗിച്ചു.

# ഇസുസു ഐകെയർ വിന്റർ ക്യാമ്പ് ഈ മാസം 14 വരെ

**കൊച്ചി:** ഇസുസു മോട്ടോർ ഇന്ത്യ ഐകെയർ വിന്റർ ക്യാമ്പ് പ്രഖ്യാപിച്ചു. ഇസുസു ഡിമാക്സ് പിക്ക്അപ്പുകൾക്കും എസ് യു വികൾക്കും വേി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ സർവീസ് ക്യാമ്പ് ഈ മാസം 14 വരെയാണ്.കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ ഇസുസു അംഗീകൃത ഡീലർ സർവീസ് ഔട്ട്ലെറ്റുകളിൽ ഈ കാലയളവിൽ ഉപഭോക്താക്കൾക്ക് സർവീസിനായി പ്രത്യേക ഓഫറുകളും ആനുകൂല്യങ്ങളും ലഭിക്കും. സർവീസ് ബുക്കിംഗിനായി ഉപഭോക്താക്കൾക്ക് അടുത്തുള്ള ഇസുസു ഡീലർ ഔട്ട്ലെറ്റിൽ ബന്ധപ്പെടാവുന്നതാണ്.

# മോട്ടോറോള മോട്ടോ ജി35 5ജി വിപണിയിൽ




**തിരുവനന്തപുരം :** ഇന്ത്യയിലെ ഏറ്റവും മികച്ച 5ജി സ്മാർട്ട്ഫോൺ ബ്രാൻഡായ മോട്ടറോള, മോട്ടോ ജി35 5ജി പുറത്തിറക്കി. 5ജിയുമായി ബന്ധപ്പെട്ട വിവിധ മാനദണ്ഡങ്ങൾ വിലയിരുത്തിയതിന് ശേഷം ഇന്ത്യയിലെ ഏറ്റവും വേഗതയേറിയ 5ജി സ്മാർട്ട്ഫോൺ ആണിതെന്ന് ടെക്ആർക്ക് ഔദ്യോഗികമായി സ്ഥിരീകരിച്ചു.50 മെഗാപിക്സൽ ക്വാഡ് ക്യാമറ സംവിധാനം, 4ജി വീഡിയോ റെക്കോർഡിംഗ് 8മെഗാപിക്സൽ അൾട്രാവൈഡും 16 മെഗാപിക്സൽ സെൽഫി ക്യാമറയും ഇതിന്റെ പ്രത്യേകതകളാണ്. സെഗ്മെന്റിലെ ഒരേയൊരു ഫുൾ എച്ച്ഡിയോടൊപ്പം 6.7 ഇഞ്ച് ഡിസ്പ്ലേ ഉൾക്കൊള്ളിച്ചിട്ടുള്ള മോട്ടോ ജി35 5ജി സ്മൂത്ത് ഫ്ലൂയിഡ് ട്രാൻസിഷൻസിലൂടെ ദൃശ്യ മികവിനെ പുനർനിർവചിക്കുന്നു.ലീഫ് ഗ്രീൻ അല്ലെങ്കിൽ ഗുവാ റെഡ് എന്നിവയിൽ പ്രീമിയം വീഗൻ ലെതർ ഡിസൈനിലും ഇത് ലഭ്യമാണ്. 9999 രൂപ മാത്രം വിലയുള്ള ഫോൺ പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിലും ഓൺലൈൻ സ്റ്റോറുകളിലും ഈ മാസം 16 മുതൽ ലഭ്യമാകും.

# ആമസോൺ പേ ഗിഫ്റ്റ് കാർഡ് വിൽപ്പനയിൽ നേട്ടം

amazon

**കൊച്ചി:** രാജ്യത്തെ ഉപഭോക്താക്കൾക്ക് 10 വർഷത്തിനിടെ ഗിഫ്റ്റ് കാർഡുകളുടെ വിൽപ്പന ഒരു ബില്യണിലധികം കടന്നെന്ന് ആമസോൺ പേ. ഇന്ത്യൻ ഗിഫ്റ്റ് കാർഡ് വിപണിയിൽ സ്വീകാര്യത വർധിച്ചു വരികയാണെന്നും അധികൃതർ പറഞ്ഞു

# കടൽജീവികളുടെ ജനിതക പഠനം: വിന്റർ സ്കൂളുമായി സിഎംഎഫ്ആർഐ

**കൊച്ചി:** കടൽ ജീവികളുടെ ജനിതക പഠനവുമായി ബന്ധപ്പെട്ട ശാസ്ത്രീയരീതികൾ പരിശീലിപ്പിക്കാൻ 21 ദിവസത്തെ വിന്റർ സ്കൂളുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).കടൽ ജീവികളുടെ ജീനോം വിശകലനം ഉൾപ്പെടെ ജനിതകപഠന മേഖലയിൽ ഏറ്റവും പുതിയ അറിവും സാങ്കേതിക വിദ്യകളും യുവഗവേഷകരെ പരിചയപ്പെടുത്തുന്ന വിന്റർ സ്കൂൾ 2025 ജനുവരി 15ന് തുടങ്ങും. മാറിക്കൊിരിക്കുന്ന പാരിസ്ഥിതിക സാഹചര്യങ്ങലെ നേരിടാൻ ജീവിവർഗങ്ങളിൽ സംഭവിക്കുന്ന ജനിതകവ്യതിയാനം, മോളിക്യുലാർ ബാർകോഡിംഗ്, ജനിതകപഠനങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ, പോപുലേഷൻ ജെനിറ്റിക്സ്, മെറ്റാ ബാർകോഡിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകും.സമുദ്രസമ്പത്തിന്റെ സുസ്ഥിര മാനേജ്മെന്റിന സഹായകരമാകുന്ന ഈ മേഖലയിലെ ഗവേഷണരീതികൾ യുവഗവേഷകരിലേക്ക് കൈമാറുകയാണ് ലക്ഷ്യം. വിന്റർ സ്കൂളിൽ പങ്കെടുക്കുന്നവരുടെ യാത്ര, താമസ ചിലവുകൾ സിഎംഎഫ്ആർഐ വഹിക്കും. 2025 ജനുവരി ഒന്ന് വരെ അപേക്ഷിക്കാം. 25 സീറ്റാണുള്ളത്. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.
www.cmfri.org.in

# ആകാശത്തും സിനിമ കാണാം: ചെറുവിമാനങ്ങളിലും വിസ്ത സ്ട്രീം അവതരിപ്പിച്ച് എയർ ഇന്ത്യ



**കൊച്ചി:** വിമാന യാത്രക്കാർക്ക് തടസമില്ലാതെ വീഡിയോകളും സിനിമകളും ആസ്വദിക്കാനായി ചെറുവിമാനങ്ങളിലും ഇൻഫ്ളൈറ്റ് വിനോദ സംവിധാനമായ വിസ്ത സ്ട്രീം അവതരിപ്പിച്ച് എയർ ഇന്ത്യ. നേരത്തെ എയർ ഇന്ത്യയുടെ വലിയ വിമാനങ്ങളിൽ മാത്രമായിരുന്നു ഈ സേവനം ലഭിച്ചിരുന്നത്.ഇനി മുതൽ എയർ ഇന്ത്യ വിമാനങ്ങളിൽ ആഭ്യന്തര വിദേശ യാത്ര ചെയ്യുന്നവർക്ക് തങ്ങളുടെ കൈവശമുള്ള മൊബൈൽ, ടാബ്ലറ്റ്, ലാപ്ടോപ്പ് എന്നിവ വൈഫൈ വഴി വിസ്ത സ്ട്രീമുമായി കണക്ട് ചെയ്ത് ഓടിടിയിലെന്ന പോലെ സിനിമയും പാട്ടും ഡോക്യുമെന്ററികളും മറ്റും ആസ്വദിക്കാം.എയർ ഇന്ത്യയെ ഒരു ലോകോത്തര നിലവാരത്തിലുള്ള എയർലൈനായി ഉയർത്തുന്നതിന്റെ ഭാഗമായി ചെറുവിമാനങ്ങളിലും വിസ്ത സ്ട്രീം അവതരിപ്പിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് എയർ ഇന്ത്യ ചീഫ് കസ്റ്റമർ എക്സ്പീരിയൻസ് ഓഫീസർ രാജേഷ് ഡോഗ്ര പറഞ്ഞു. ചെറുമാനങ്ങളുടെ നിരയിലെ ആഭ്യന്തര അന്താരാഷ്ട്ര യാത്രകളിൽ തടസമില്ലാത്ത വിനോദം എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ബോളിവുഡ് ഹോളിവുഡ് ബ്ലോക്ക് ബസ്റ്ററുകൾ, ഡോക്യുമെന്ററികൾ, പാട്ടുകൾ, കുട്ടികൾക്കുള്ള പരിപാടികൾ തുടങ്ങി 1600 ലധികം മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന ഉള്ളടക്കങ്ങളാണ് വിസ്ത സ്ട്രീമിലുള്ളത്. തത്സമയ ഫ്ളൈറ്റ് ട്രാക്കിങ്ങും ഇതിലൂടെ സാധ്യമാണ്. വിസ്ത സ്ട്രീം ഐഒഎസ്, ആൻഡ്രോയ്ഡ്, വിൻഡോസ്, മാക് ഓഎസ് എന്നീ പ്ലാറ്റ്ഫോമുകളിലുള്ള ഡിവൈസുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതാണ്.

# ഫാഷൻ എക്സ്പോ 2025: കൊച്ചി മറൈൻ ഡ്രൈവിൽ ക്യാമ്പയിൻ




**കൊച്ചി:** കേരളത്തിലെ ഏറ്റവും വലിയ ഫാഷൻ പരിപാടിയായ ഐ.എഫ്.എഫ് ഫാഷൻ എക്സ്പോ 2025ന് മുന്നോടിയായുള്ള പ്രചാരണ പരിപാടികൾ കൊച്ചിയിലെ മറൈൻ ഡ്രൈവിൽ ഫ് ളാഗ് ഓഫ് ചെയ്തു. ജനുവരി ഏഴിന് രാവിലെ 11 മണിക്ക് പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് ഐ.എഫ്.എഫ് ഫാഷൻ എക്സ്പോ 2025 ഉദ്ഘാടനം ചെയ്യും. അതിന് മുന്നോടിയായി ഐ.എഫ്.എഫ് എക്സ്പോയുടെ പ്രത്യേക ബ്രാൻഡിംഗ് കൊണ്ട് അലങ്കരിച്ചിട്ടുള്ള കാറുകളിൽ 55 അംഗ സംഘം കേരളത്തിലെ എല്ലാ ജില്ലകളിലും വരുംദിവസങ്ങളിൽ സന്ദർശനത്തിനെത്തും.കേരളത്തിന്റെ ഫാഷൻ ലോകത്തെ അറിയിപ്പെടുന്ന വ്യക്തിത്വങ്ങളായ സമീർ (വെഡ്ലാൻഡ് വെഡിങ്സ് , ഖിദാശ് അഷ്റഫ് (ഗ്രാൻഡ് തേജസ്), നവാബ് ജാൻ (പ്രിൻസ് പട്ടുപാവാട), ജോൺസൻ പറവൂർ (നമ്പർ വൺ വെഡ്ഡിങ്), സാക്കിർ (ഫിസ), സജീർ (കസവ് കേന്ദ്ര വെഡ്ഡിങ്), അഷ്റഫ് (ചാരുത സിൽക്സ്), അനിൽ (സുവർണരാഗം വെഡ്ഡിങ്സ്), നൗഷാദ് (ഡ്രസ്സ് വേൾഡ്), ചിന്തൻ കെ. ഭാട്ടിയ (ജി.എച്ച്. ഏജൻസീസ്) എന്നിവർ ക്യാമ്പയിനിന്റെ ഭാഗമാണ്.
ഐ.എഫ്.എഫ് എക്സ്പോയുടെ സംഘാടക സമിതി അംഗങ്ങളായ സാദിഖ് (ചെയർമാൻ), സമീർ മൂപ്പൻ (കൺവീനർ), ഷാനവാസ് (ജോയിന്റ് കൺവീനർ), ഷാനിർ (വൈസ് ചെയർമാൻ), ഷഫീക് (പ്രോഗ്രാം ഡയറക്ടർ) എന്നിവർ ഫ്ലാഗ് ഓഫ് ചടങ്ങിൽ സന്നിഹിതരായിരുന്നു.ഇന്ത്യൻ ഫാഷൻ ഫെയറിന്റെ ബാനറിൽ നടക്കുന്ന ഫാഷൻ എക്സ്പോയുടെ മൂന്നാം പതിപ്പാണ് ഇക്കൊല്ലം നടക്കാനിരിക്കുന്നത്. ജനുവരി 7, 8, 9 തീയതികളിൽ അങ്കമാലിയിലെ അഡ്ലക്സ് കൺവെൻഷൻ സെന്ററിലാണ് പരിപാടി. വിദേശബ്രാൻഡുകൾ ഉൾപ്പെടെ, 130ഓളം പ്രമുഖ ഡിസൈനർ ഒരുക്കുന്ന 180 സ്റ്റാളുകളാണ് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

# പ്രത്യേക പോഷക ഉൽപന്നങ്ങൾ പുറത്തിറക്കി

**കോഴിക്കോട്:** ശ്വാസകോശ സംബന്ധമായ അസുഖങ്ങളെ അഭിസംബോധന ചെയ്യാൻ ലക്ഷ്യമിട്ടുള്ള പ്രത്യേക പോഷക ഉൽപന്നങ്ങൾ അവതരിപ്പിച്ച് ഡച്ച് മെഡിക്കൽ ഫുഡും പ്രിസ്റ്റീൻ പേൾ ഫാർമ പൈറഷവറ്റ് ലിമിറ്റഡും. ദേശീയ പൾമണറി കോൺഫറൻസിലാണ് ഇരുകമ്പനികളും ഇന്ത്യയിലെ രോഗവുമായി ബന്ധപ്പെട്ട പോഷകക്കുറവ് പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള വ്യക്തിഗത പോഷണത്തിന്റെ ഒരു പുതിയ യുഗത്തിന് തുടക്കമിട്ടത്. ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് (സിഒപിഡി), മറ്റ് ശ്വാസകോശ സംബന്ധമായ അവസ്ഥകൾ എന്നിവയുള്ള രോഗികളെ സഹായിക്കുന്നതിനും രോഗമുക്തിയെയും മൊത്തത്തിലുള്ള ജീവിത നിലവാരത്തെയും ഉയർത്തുന്നതിനും അവശ്യ പോഷക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും വേണ്ടിയാണ് ഈ നൂതന ഉത്പന്നങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നതെന്ന് ഡച്ച് മെഡിക്കൽ ഫുഡിന്റെ സഹസ്ഥാപകനായ ഡോ.റോൾഫ് സ്മീറ്റ്സും, പ്രിസ്റ്റീൻ പേൾ മാനേജിങ് ഡയറക്ടർ എസ്.എം അയൂബും പറഞ്ഞു. ഇന്ത്യയിൽ ഏകദേശം 55.3 ദശലക്ഷം ആളുകളെ ബാധിക്കുന്ന സിഒപിഡി, വൈകല്യത്തിന്റേപയും മരണത്തിന്റെയും പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ ഇതോടൊപ്പം പലപ്പോഴും കടുത്ത പോഷകക്കുറവ് ഉണ്ടാവുകയും അതുമൂലം ആരോഗ്യപ്രശ്നങ്ങൾ കൂടുതൽ വഷളാകുകയും ചെയ്യുന്നുണ്ട്. പുതിയ ഉത്പന്നങ്ങൾ പരമ്പരാഗത ചികിത്സകളുമായി ചേർന്ന് ആവശ്യമായ പോഷക പിന്തുണ നൽകിക്കൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് ഡച്ച് മെഡിക്കൽ ഫുഡിന്റെ സഹസ്ഥാപകൻ ഡോ.ഗുരു രാമനാഥൻ പറഞ്ഞു. ഡച്ച് മെഡിക്കൽ ഫുഡിന്റെ ശാസ്ത്രീയ വൈദഗ്ധ്യവും, ഇന്ത്യയിലെ ആരോഗ്യപരിരക്ഷ പരിതസ്ഥിതിയെക്കുറിച്ചുള്ള പ്രിസ്റ്റൈൻ പേളിന്റെ കാഴ്ച്ചപ്പാടും ചേർന്ന് ഈ നൂതന ഉൽപ്പന്നങ്ങൾ ഇന്ത്യൻ രോഗികളുടെ തനതായ ആവശ്യകതകൾ പരിഹരിക്കുന്നതിന് അനുയോജ്യമാണെന്ന് ഇരുകമ്പനികളും അവകാശപ്പെട്ടു.

# കാനറ റോബിക്കോ 'നിവേശ് ബസ് യാത്ര' ആരംഭിച്ചു



**തിരുവനന്തപുരം,:** അസറ്റ് മാനേജ്മെന്റ് രംഗത്ത് രാജ്യത്തെ പ്രമുഖ കമ്പനിയായ കാനറ റോബെക്കോ എ എം സി സംസ്ഥാനത്ത് മ്യൂച്വൽ ഫണ്ടുകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'നിവേശ്' എന്ന പേരിൽ ബസ് യാത്ര ആരംഭിച്ചു. ഡിസംബർ 10ന് തിരുവനന്തപുരത്ത് ആരംഭിച്ച യാത്ര, കോട്ടയം, എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിലൂടെ കടന്നുപോകും. 20 ദിവസത്തെ കണ്ണൂരിൽ സമാപിക്കും.ബസ് ഈ നഗരങ്ങളിലെ പ്രധാന സൊസൈറ്റികളിലും മാർക്കറ്റുകളിലും ജംഗ്ഷനുകളിലും സന്ദർശനം നടത്തും. വീഡിയോകളിലൂടെയും ബസിലെ വ്യക്തിഗത സെഷനുകളിലൂടെയും മ്യൂച്വൽ ഫണ്ടുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കാനാണ് യാത്ര ലക്ഷ്യമിടുന്നത്. ഒരു ഫണ്ട് ഹൗസ് എന്ന നിലയിൽ, മ്യൂച്വൽ ഫണ്ട് നിക്ഷേപത്തിന്റെ ശക്തിയെക്കുറിച്ച് വ്യക്തികളെ ബോധവൽക്കാൻ തങ്ങൾ എപ്പോഴും പ്രതിജ്ഞാബദ്ധമാണെന്ന് കാനറ റൊബെക്കോ എ എം സി എംഡിയും സിഇഒയുമായ രജനീഷ് നരുല പറഞ്ഞു.


# ടിസിഎസ് 2025ലെ സൈബർസെക്യൂരിറ്റി അവലോകനം പുറത്തിറക്കി

**കൊച്ചി:** ഐടി സർവീസസ്, കൺസൾട്ടിങ്, ബിസിനസ് സൊല്യൂഷൻസ് രംഗത്തെ ആഗോള മുൻനിരക്കാരായ ടാറ്റാ കൺസൾട്ടൻസി സർവീസസ് 2025ലെ സൈബർ സെക്യൂരിറ്റി അവലോകനം പുറത്തിറക്കി. വരും വർഷത്തിൽ ഉണ്ടായേക്കാവുന്ന സൈബർ ഭീഷണികളുടെ പശ്ചാത്തലത്തിൽ മുന്നോട്ടു പോകാൻ ജെനറേറ്റീവ് നിർമിത ബുദ്ധി (ജെൻഎഐ), ക്ലൗഡ് സുരക്ഷ, സപ്ലൈ ചെയിൻ സുരക്ഷ തുടങ്ങിയവ സ്ഥാപനങ്ങളെ സംബന്ധിച്ച് ഏറെ പ്രധാനപ്പെട്ടതായി മാറുമെന്ന് അവലോകനം പറയുന്നു.പുതുതലമുറാ സാങ്കേതികവിദ്യകൾ വിവിധ വ്യവസായങ്ങളിൽ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിന് ഒപ്പം പുതിയ വെല്ലുവിളികളും മുന്നിലെത്തും. സൈബർ സുരക്ഷയെ സംബന്ധിച്ച് നിർണായകമായ മേഖലകൾ ടിസിഎസിലെ വിദഗ്ദ്ധർ കണ്ടെത്തി. ഇത് സൈബർ ആക്രമണങ്ങൾക്കെതിരെ സ്ഥാപനങ്ങൾക്ക് അവരുടെ സുരക്ഷാ സംബന്ധിയായ കാര്യങ്ങൾക്ക് മുൻഗണന കൊടുക്കുവാൻ സഹായിക്കും.

വർധിച്ചു വരുന്ന സൈബർ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ജെൻഎഐ പ്രയോജനപ്പെടുത്തി തങ്ങളുടെ ബിസിനസ് സുരക്ഷിതമാക്കാൻ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടതുണ്ടെന്ന് ടിസിഎസിൻറെ 2025ലെ സൈബർ സെക്യൂരിറ്റി അവലോകനം ചൂണ്ടിക്കാട്ടുന്നു. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ വൻ മാറ്റം വരുത്തുന്ന വിധത്തിലാണ് ജെൻഎഐ എത്തിയിരിക്കുന്നത്. ഇതേ സമയം സൈബർ ക്രിമിനലുകളും ഈ സാഹചര്യം ചൂഷണം ചെയ്യുകയാണ്. ഡീപ്ഫെയ്ക്ക്, ഫിഷിങ്, ഡേറ്റാ ദുരുപയോഗം, പുതിയ മാൽവെയറുകൾ തുടങ്ങിയവയ്ക്കായി ഇത് ഉപയോഗിക്കുന്നു. ജെൻഎഐ ശക്തിയോടു കൂടിയ സൈബർ ഭീഷണി കണ്ടെത്തൽ സംവിധാനങ്ങളും പ്രതികരണ സംവിധാനങ്ങളും വിനിയോഗിക്കണം.ക്ലൗഡ് കംപ്യൂട്ടിങ് ഏറെ വിപുലമായി സ്വീകരിക്കപ്പെടുന്ന സാഹചര്യത്തിൽ സ്ഥാപനങ്ങൾ കൂടുതൽ ശക്തമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തണം. എൻക്രിപ്ഷൻ, ആക്സസ് നിയന്ത്രണം, സ്ഥിരമായ നിരീക്ഷണം എന്നിവയാണ് ഇവിടെ വേണ്ടത്. മാറുന്ന ഭൗമരാഷ്ട്രീയ പശ്ചാത്തലങ്ങൾ, പങ്കാളിത്ത സംവിധാനങ്ങൾ തുടങ്ങിയ സാഹചര്യങ്ങളിൽ പ്രതിരോധ ശക്തിയുള്ള സപ്ലൈ ചെയിനുകളും ഏറെ പ്രസക്തമാകും. ബിസിനസുകൾക്ക് രൂപകൽപനയിൽ തന്നെയുള്ള സുരക്ഷ പ്രധാനപ്പെട്ടതാകും. സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനായി 2026ഓടെ വൻകിട സ്ഥാപനങ്ങൾ സീറോ ട്രസ്റ്റ് രീതികൾ നടപ്പിലാക്കും. ഇതിനായി സൈബർ സെക്യൂരിറ്റി മെഷ് ആർക്കിടെക്ചറിലേക്ക് സ്ഥാപനങ്ങൾ നീങ്ങേണ്ടി വരും.ഭൗമരാഷ്ട്രീയ തലത്തിലുള്ള മാറ്റങ്ങൾ, വളർന്നു വരുന്ന സാങ്കേതികവിദ്യ തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ ആഗോള സൈബർ സുരക്ഷ സുപ്രധാന മാറ്റങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്ന് ടിസിഎസിലെ സൈബർ സെക്യൂരിറ്റി ഗ്ലോബൽ ഹെഡ് ഗണേശ സുബ്രഹ്മണ്യൻ വൈകുണ്ഠം ചൂണ്ടിക്കാട്ടി.

ജെൻഎഐ പ്രവർത്തന മികവുകൾ വർധിപ്പിക്കുകയാണ്. പക്ഷേ, അതിനൊപ്പം സ്ഥാപനങ്ങൾ സൈബർ വെല്ലുവിളികൾ നേരിടാനുള്ള ശേഷി കൂടി സ്വായത്തമാക്കണം. ജെൻഎഐ ശേഷിയുള്ള സൈബർ ഭീഷണി കണ്ടെത്തൽ സംവിധാനങ്ങളും പ്രതികരണ സംവിധാനങ്ങളും നടപ്പാക്കി ഈ രംഗത്തു മുന്നോട്ടു പോകണം. സാങ്കേതികവിദ്യകൾ അതിവേഗം വളരുന്ന ഈ കാലഘട്ടത്തിൽ അത്യാധുനിക സൈബർ പ്രതിരോധ തന്ത്രങ്ങൾ തികച്ചും അനിവാര്യമാണ്. എങ്കിൽ മാത്രമേ സ്ഥാപനങ്ങൾക്ക് അപ്രതീക്ഷിത സൈബർ ആക്രമണങ്ങൾക്കിടയിലും ഫലപ്രദമായി മുന്നോട്ടു പോകാനാവൂ എന്നും അദ്ദേഹം പറഞ്ഞു.

# ഇന്ത്യയിൽ 17 ശതമാനം വളർച്ച നേടി ലെക്സസ്




**ബംഗളൂരു:** ഡിസംബർ 10: ലെക്സസ് ഇന്ത്യ 2024 നവംബർ വരെ ആകെ വിൽപ്പനയിൽ 17 ശതമാനത്തിന്റെ വളർച്ച രേഖപ്പെടുത്തി. എസ് യുവി വേരിയന്റിനായുള്ള വിൽപ്പനയിൽ ഇതുവരെ 25 ശതമാനത്തിന്റെ വളർച്ച നേടിയ കമ്പനി, എൻ എക്സ്, ആർ എക്സ് തുടങ്ങിയ മോഡലുകളിലും വളർച്ച രേഖപ്പെടുത്തി. ലെക്സസ് ആർഎക്സ് മോഡൽ 2024 നവംബർ വരെയുള്ള കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് 50 ശതമാനം വളർച്ച രേഖപ്പെടുത്തി.2024 നവംബറിൽ ബ്രാൻഡിന്റെ ആകെ വിൽപ്പനയുടെ 41 ശതമാനവും സംഭാവന ചെയ്ത ലെക്സസ് ഇഎസ് മോഡലാണ് ലെക്സസ് ഇന്ത്യയുടെ തുടർച്ചയായ വിജയത്തിൽ നിർണ്ണായകമായത്. 2024 ജൂൺ ഒന്ന് മുതൽ വിൽപന നടത്തുന്ന എല്ലാ പുതിയ ലെക്സസ് മോഡലുകൾക്കും ആദ്യത്തെ 8 വർഷം / 160,000 കിലോമീറ്റർ വാഹന വാറന്റിയും 2024 ഫെബ്രുവരി ഒന്നിന് ആരംഭിച്ച 5 വർഷത്തെ റോഡ് സൈഡ് അസിസ്റ്റൻസ് (ആർഎസ്എ) പ്രോഗ്രാമും ലെക്സസ് ഇന്ത്യ നൽകിവരുന്നു.ഉപഭോക്താക്കൾ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തിനും നൽകിവരുന്ന പിന്തുണയ്ക്കും തങ്ങൾ അങ്ങേയറ്റം നന്ദിയുള്ളവരാണെന്ന് ലെക്സസ് ഇന്ത്യ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് തന്മയ് ഭട്ടാചാര്യ പറഞ്ഞു. ഈ വർഷത്തെ വിൽപ്പന വളർച്ച ലെക്സസിൽ ഞങ്ങളുടെ ഉപഭോക്താക്കൾക്കുള്ള വിശ്വാസത്തിന്റെയും ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങളും മികച്ച സേവനങ്ങളും നൽകുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധതയുടെയും തെളിവാണെന്നും അദ്ദേഹം പറഞ്ഞു.

# വിതരണ ശൃംഖലയിൽ ഇലക്ട്രിക് വാഹനങ്ങൾ വിന്യസിച്ച് ആമസോൺ

**കൊച്ചി:** ലക്ഷ്യമിട്ടതിലും ഒരു വർഷം മുൻപ് തന്നെ രാജ്യത്ത വിതരണ ശൃംഖലയിൽ 10,000ലധികം ഇലക്ട്രിക് വാഹനങ്ങൾ വിന്യസിച്ച് ആമസോൺ. ഡൽഹി, മുംബൈ, ബെംഗളൂരു എന്നിവിടങ്ങളിലും ലേ മുതൽ ഗാങ്ടോക്ക് വരെയുള്ള ഇടങ്ങളിലുമായി 500 നഗരങ്ങളിൽ ഇലക്ട്രിക് വാഹനങ്ങളിലാണ് ആമസോൺ ഡെലിവറി നടത്തുന്നത്.2040ലെ പാരിസ് പാരിസ്ഥിതിക ഉച്ചകോടിക്ക് 10 വർഷം മുൻപ് തന്നെ സീറോ കാർബൺ എന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് ആമസോൺ പ്രവർത്തിക്കുന്നത്. ആമസോണിൻറെ ഈ നേട്ടത്തിലൂടെ ഇന്ത്യൻ നിരത്തുകളിലെ ഡീസൽ വാഹനങ്ങളിൽ നിന്നുള്ള കാർബൺ പുറന്തള്ളൽ കുറയ്ക്കാൻ സാധിക്കും. കാലാവസ്ഥാ പ്രതിജ്ഞയുടെ ലെയിൻഷിഫ്റ്റ് പരിപാടിയുടെ കീഴിലായി 350 കിലോമീറ്റർ ബെംഗളൂരു ചെന്നൈ ഹൈവേയിൽ ഇലക്ട്രിക് ഹെവി ട്രക്കുകളുടെ പരീക്ഷണങ്ങൾ പുരോഗമിക്കുകയാണ്. ആമസോൺ, അശോക് ലെയ്‌ലാൻഡ്, ബില്യൺഇ, ചാർജ്സോൺ തുടങ്ങിയ വ്യവസായ പ്രമുഖരെ ഒന്നിപ്പിച്ചാണ് ഈ ദീർഘദൂര ചരക്കു നീക്ക പരീക്ഷണങ്ങൾ. ഇതിലൂടെ നിരവധി തൊഴിൽ അവസരങ്ങളും സൃഷ്ടിക്കാനായി. വിവിധ സേവനങ്ങളുമായി 10,000ലധികം ഇലക്ട്രിക് വാഹനങ്ങൾ ഫ്‌ളീറ്റിലും ദീർഘദൂര ഇലക്ട്രിക് ട്രക്കുകളുടെ പരീക്ഷണവും മുന്നോട്ട് കൊണ്ടു പോകുന്നതിൽ തങ്ങൾ വളരെയേറെ അഭിമാനിക്കുന്നതായും  മലിനീകരണം ഇല്ലാതാക്കി ഇന്ത്യയുടെ നെറ്റ്സീറോ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ആമസോൺ പ്രതിജ്ഞാബദ്ധമാണെന്നും ആമസോൺ ഇന്ത്യയുടെ ഓപ്പറേഷൻസ് വൈസ് പ്രസിഡൻറ് അഭിനവ് സിങ് പറഞ്ഞു.മുൻനിര വാഹന നിർമാതാക്കളായ വോൾവോ, ഐഷർ, ടാറ്റാ മോട്ടോഴ്സ്, മഹീന്ദ്ര ഇലക്ട്രിക്, അശോക് ലെയ്‌ലാൻഡ്, ആൾടിഗ്രീൻ തുടങ്ങിയവയുമായി ചേർന്നാണ് ആമസോൺ ഇക്ട്രിക് വാഹനങ്ങൾ വികസിപ്പിക്കുന്നത്. ഡെലിവറി രംഗത്ത് പ്രവർത്തിക്കുന്നവർക്കായി കുറഞ്ഞ പലിശ നിരക്കിൽ മുച്ചക്ര ഇരുചക്ര വാഹനങ്ങളും ട്രക്കുകളും കമ്പനി ലഭ്യമാക്കുന്നുണ്ട്. സർക്കാരിൻറെ ശൂന്യ, നീതി ആയോഗ് ഇഫാസ്റ്റ് പ്രോഗ്രാം എന്നിവയുമായും ആമസോൺ സഹകരിക്കുന്നുണ്ട്.



# ബൗമ കോൺഎക്‌പോ 2024: നൂതന സാങ്കേതികവിദ്യകൾ അവതരിപ്പിച്ച് ടാറ്റ മോട്ടോർസ്




**കൊച്ചി:** ബൗമ കോൺഎക്‌പോ 2024ൽ ഏറ്റവും നവീന സാങ്കേതിക വിദ്യകൾ അവതരിപ്പിച്ച് രാജ്യത്തെ വാണിജ്യ വാഹന നിർമാതാക്കളും, മൊബിലിറ്റി സൊല്യൂഷൻസ് സേവനദാതാക്കളുമായ ടാറ്റ മോട്ടോർസ്. 25സഢഅ മുതൽ 125സഢഅ വരെ പവർ റേഞ്ചിൽ ലഭ്യമായിട്ടുള്ള ഇജജഇആ കഢ+ കംപ്ലയിന്റ് ടാറ്റ മോട്ടോർസ് ജെൻസെറ്റ്സ്, 55  138വു പവർ നോഡ്സ് മുതലുള്ള ഇജഢ ആട ഢ എമിഷൻ കംപ്ലയിന്റ് ഇൻഡസ്ട്രിയൽ എഞ്ചിനുകൾ, ലൈവ് ആക്സിലുകൾ, ട്രെയിലർ ആക്സിൽസും കോംപോണന്റുകളും തുടങ്ങിയ എക്സിബിഷനിൽ ഉൾപ്പെടുന്നു. മെറ്റീരിയൽ ഹാൻഡ്‌ലിംഗ്, കൺസ്ട്രക്ഷൻ എക്വുപ്മെന്റ്, ഇൻഡസ്ട്രിയൽ ആപ്ലിക്കേഷൻസ്, ലോജിസ്റ്റിക്സ് സെഗ്മെന്റുകൾ തുടങ്ങിയവയലെ ആവശ്യകതകൾ കണക്കിലെടുത്താണ് ഈ സൊല്യൂഷനുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഉയർന്ന കാര്യക്ഷമയ്ക്കും ഈടിനും വേണ്ടി തയ്യാറാക്കിയതാണിവ. ഏറ്റവും നൂതന സാങ്കേതികവിദ്യകൾ തിരയുന്ന ഉപഭോക്താക്കൾക്ക് മുന്നിൽ ടാറ്റ മോട്ടോർസ് ആഗ്രിഗേറ്റേർസ് അവതരിപ്പിക്കാനുള്ള ഏറ്റവും മികച്ച വേദിയാണ് ബൗമ കോൺഎക്‌പോ. ഉപഭോക്താക്കളുടെ നിർദേശങ്ങളിൽ നിന്നാണ് ഈ ആഗ്രിഗേറ്റ്സ് തയ്യാറാക്കിയിരിക്കുന്നു. ഉപഭോക്താക്കളുടെ നേരിട്ടുള്ള ശബ്ദമാണിതെന്ന് പറയാം. ജെൻസെറ്റുകൾ ഉപയോഗിച്ച് പവർ സൊല്യൂഷനുകൾ വിതരണം ചെയ്യുന്നു, സിഇവി ബിഎസ് വി എമിഷൻകംപ്ലയന്റ് ഇൻഡസ്ട്രിയൽ ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ പ്രാപ്തമാക്കുന്നു, എഞ്ചിനുകളും ലൈവ് ആക്സിലുകളും, ട്രെയിലർ ആക്സിലുകളും ഘടകങ്ങളും ഉപയോഗിച്ച് ലോജിസ്റ്റിക്സ് ശക്തിപ്പെടുത്തുന്നു എന്നിങ്ങനെ വളർന്നുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് ഞങ്ങളുടെ പോർട്ട് ഫോളിയോ ഞങ്ങൾ വികസിപ്പിക്കുകയാണ്. ബൗമ കോൺഎക്‌പോ 2024ൽ ടാറ്റ മോട്ടോർസ് പവലിയൻ ഉദ്ഘാടനം ചെയ്തുകൊണ്ട് ടാറ്റ മോട്ടോർസ് കൊമേഴ്ഷ്യൽ വെഹിക്കിൾസ് സ്പെയേഴ്സ് & നോൺ വെഹിക്കുലർ ബിസിനസ് ഹെഡ് വിക്രം അഗർവാൾ പറഞ്ഞു.

# ''സ്കിൻകെയർ ഇന്റൺഷിപ്പ്'' കാമ്പയിൻ ആരംഭിച്ചു.

**കൊച്ചി:** പ്രമുഖ ശാസ്ത്രഅധിഷ്ഠിത ബ്രാൻഡായ ഡീകൺസ്ട്രക്റ്റ് ''സ്കിൻകെയർ ഇന്റൺഷിപ്പ്'' കാമ്പയിൻ ആരംഭിച്ചു.  എല്ലാവരേയും അവരുടെ ചർമ്മസംരക്ഷണം ആരംഭിക്കാൻ പ്രാപ്തരാക്കാനുള്ള ഡീകൺസ്ട്രക്റ്റിന്റെ പ്രതിബദ്ധതയുടെ ഭാഗമാണ്  ഈ കാമ്പെയ്ൻ.ഉപഭോക്താക്കൾക്ക് ഇതു വഴി ഒരു ലക്ഷം രൂപയും മറ്റ് നിരവധി സമ്മാനങ്ങളുമാണ് വാഗ്ദാനം ചെയ്യുന്നത്.18 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികൾക്കും ഈ ഇന്റേൺഷിപ്പ് അവസരത്തിൽ പങ്കെടുക്കാം.രാവിലെ പല്ല് തേക്കുന്നത് പോലെ, ചർമ്മസംരക്ഷണത്തിനായുള്ള തടസ്സങ്ങൾ നീക്കം ചെയ്യുകയും അത് ദൈനംദിന ശീലമാക്കാൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഡീകൺസ്ട്രക്റ്റിന്റെ ദൗത്യം.  പരിപാടിയുടെ 50 ശതമാനം സ്പോട്ടുകളും പുരുഷന്മാർക്കായാണ്  നീക്കിവച്ചിരിക്കുന്നത്.

മാത്രമല്ല, ഈ കാമ്പെയ്നിലൂടെ, ലിംഗഭേദമോ പ്രായമോ പശ്ചാത്തലമോ പരിഗണിക്കാതെ എല്ലാവർക്കും എവിടെ നിന്നും പങ്കെടുക്കാം.  തിരഞ്ഞെടുക്കുന്നവർക്ക് അവരുടെ ചർമത്തിനനുയോജ്യമായ രീതിയിൽ രൂപ കൽപ്പന ചെയ്ത ഉത്പന്നങ്ങൾ ലഭിക്കും.  കൂടാതെ, സ്കിൻ കെയർ കോച്ചുകളുടെയും പ്രശസ്ത ഡെർമറ്റോളജിസ്റ്റുകളുടെയും മാർഗനിർദേശങ്ങളും ലഭിക്കും.ഇന്റേൺഷിപ്പിനായുള്ള അപേക്ഷകൾ ആരംഭിച്ചിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലൂടെയാണ് അപേക്ഷകരെ തിരഞ്ഞെടുക്കുക. രജിസ്ട്രേഷനും സ്ക്രീനിംഗ് റൗണ്ടും  തുടർന്ന് വീഡിയോ സമർപ്പിക്കലുകളും വ്യക്തിഗത അഭിമുഖങ്ങളുമുണ്ടാകും.ആറ് മുതൽ 10 വരെയുള്ള ഇന്റേണുകൾ അടങ്ങുന്ന ഫൈനൽ ഗ്രൂപ്പ് 3060 ദിവസത്തെ ചർമസംരംക്ഷണ അനുഭവങ്ങൾ പങ്കുവയ്ക്കണം.

മെച്ചപ്പെട്ട ചർമ ആരോഗ്യത്തിന് പുറമെ ഇന്റേണുകൾക്ക് ഒരു ലക്ഷം രൂപ, ഉത്പന്ന ഹാമ്പറുകൾ, സോഷ്യൽ മീഡിയ ഫീച്ചറുകൾ, ബ്രാൻഡ് മാർക്കറ്റിംഗിൽ പ്രീപ്ലെയ്സ്മെന്റ്  അഭിമുഖത്തിനുള്ള അവസരങ്ങൾ എന്നിവ ഉൾപ്പെടെ ആകർഷകമായ സമ്മാനങ്ങളാണ് ലഭിക്കുക. കൂടാതെ, വിദഗ്ധരുടെ നേതൃത്വത്തിലുള്ള  ഡെർമറ്റോളജിസ്റ്റുകളുമായുള്ള സെഷനുകളിൽ നിന്നും ഇന്റേണുകൾക്ക് പ്രയോജനം ലഭിക്കും.ചർമ സംരംക്ഷണം എല്ലാവർക്കുംവേണ്ടിയുള്ളതാണ്.ഇതുവഴി പ്രത്യേകിച്ച് തുടക്കക്കാർക്കും പുതുമുഖങ്ങൾക്കും അവരുടെ ചർമ്മവുമായി ആരോഗ്യകരവും ആഴത്തിലുള്ളതുമായ ബന്ധം സ്ഥാപിക്കുകയാണ്. ഉയർന്ന ഉത്പന്നങ്ങളാണ് ചർമസംരംഭണത്തിനായി ഞങ്ങൾ നൽകുന്നതെന്ന് ഡീകൺസ്ട്രക്റ്റ് സ്ഥാപകയും സിഇഒയുമായ മാലിനി അടപ്പുറെഡ്ഡി പറഞ്ഞു.

# പുതിയ 'കുക്കി റൺ ഇന്ത്യ'' ഗെയിം പുറത്തിറക്കി ക്രാഫ്റ്റൺ




**കൊച്ചി :**  മൊബൈൽ ഗെയിം നിർമാതാക്കളായ ക്രാഫ്റ്റൺ ഇന്ത്യയും ഡേവ്സിസ്റ്റേഴ്സും ചേർന്ന് തയ്യാറാക്കിയ  ''കുക്കി റൺ ഇന്ത്യ'' ഗെയിം  പുറത്തിറക്കി. ഇന്ത്യക്കാർക്ക് വേണ്ടി പ്രത്യേകം രൂപകൽപന ചെയ്തിട്ടുള്ള ഗെയിമിൽ മധുരപലഹാരങ്ങളായ ഗുലാബ് ജാമുനും കാജു കട്‌ലി കുക്കിയുമാണ് പ്രധാന കഥാപാത്രങ്ങൾ. ഇന്ത്യൻ ചുറ്റുപാടുകളാണ്  ഗെയിമിലുടനീളം ചെയ്തിരിക്കുന്നത്.  ഗെയിമിനായി പ്രത്യേകം തയാറാക്കിയ മാപ്പിലും ''ഇന്ത്യൻ ടച്ച്'' കാണാം.  പ്രത്യേക ഗെയിം ഇവന്റുകളും ലീഡർബോർഡും മറ്റ് സോഷ്യൽ ഫീച്ചറുകളും ഗെയിമിനുള്ളിൽ ഒരുക്കിയിട്ടുണ്ട്. കാഷൽ റണ്ണർ വിഭാഗത്തിലുള്ള ഗെയിം ഇപ്പോൾ ആൻഡ്രോയിഡിലും ഐഒഎസിലും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഗെയിമിനു വേണ്ടി പ്രീരജിസ്ട്രേഷൻ പൂർത്തിയാക്കി കാത്തിരുവരുടെ എണ്ണം 10 ലക്ഷം കഴിഞ്ഞു. ഗൈയിം പുറത്തിറക്കുന്നതിനു മുന്നോടിയായി പ്രമുഖ ഗുസ്തി താരം ദി ഗ്രേറ്റ് ഖാളിയെ കേന്ദ്രകഥാപാത്രമാക്കി പുറത്തിറക്കിയ പരസ്യപ്രചാരണവും ഏറെ ജനശ്രദ്ധ നേടി.ഇന്ത്യക്കാർക്ക് വേണ്ടി പ്രത്യേകം രൂപകൽപന ചെയ്ത ഈ ഗെയിമിൽ, ധാരാളം ഭാരതീയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു  ക്രാഫ്റ്റൺ ഇന്ത്യയുടെ പബ്ലിഷിങ് മേധാവി മിനു ലീ പറഞ്ഞു. 2025ൽ മൂന്നോ നാലോ പുതിയ ഗെയിമുകൾ കൂടി അവതരിപ്പിക്കാൻ ക്രാഫ്റ്റണിനു പദ്ധതിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ബാംബൂ മേളയിൽ തത്സമയ മ്യൂറൽ പെയിന്റിങ്ങും ആദിവാസികളുടെ കണ്ണാടിപ്പായയും

**കൊച്ചി:** മറൈൻ ഡ്രൈവിൽ നടക്കുന്ന 21ാമത് കേരള ബാംബൂ ഫെസ്റ്റിന് ജനത്തിരക്കേറുന്നു. ധാരാളം ആളുകളാണ് വിവിധ ഭാഗങ്ങളിൽ നിന്ന് മേള സന്ദർശിക്കാനെത്തുന്നത്. തത്സമയ മ്യൂറൽ പെയിന്റിങ്, തത്സമയ ക്രാഫ്റ്റ് എന്നിവ മേളയുടെ മാറ്റ് കൂട്ടുന്നു. കണ്ണാടി പോലെ തിളങ്ങുന്നതും മിനുസമുള്ളതുമായ കണ്ണാടിപ്പായ ബാംബൂ മേളയുടെ പ്രധാന ആകർഷണമാണ്. ആദിവാസി വിഭാഗങ്ങളുടെ ഈ പരമ്പരാഗത കണ്ണാടിപ്പായ തത്സമയമായി മേളയിൽ നെയ്തെടുക്കുന്നുണ്ട്. ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിലെ മന്നാൻ, മുതുവാൻ, കാടർ, മലയർ എന്നീ ആദിവാസി വിഭാഗങ്ങളാണ് പൊതുവെ കണ്ണാടിപ്പായ നിർമിക്കുന്നത്. കണ്ണാടിപ്പായ പരമ്പരാഗതമായി ഈറ്റയിലാണ് നിർമിക്കുന്നത്. സാധാരണ പുൽപ്പായ, തഴപ്പായ എന്നിവയിൽ നിന്ന് വ്യത്യസ്തമായാണ് ഇവയുടെ നെയ്ത്ത്. പൂർണമായും കൈകൊണ്ട് മാത്രമാണ് നിർമാണം. ഈറ്റ കൊണ്ട് വന്ന് അതിനെ പ്രത്യേകരീതിയിൽ തഴയാക്കിയെടുത്താണ് നെയ്യുന്നത്.



മേളയിൽ ഇത്തവണ കണ്ണാടിപ്പായ നിർമാണത്തിന് ഇടുക്കി കഞ്ഞിക്കുഴിയിലെ വെൺമണിയിൽ നിന്നുള്ള ഊരാളി ആദിവാസി സമുദായത്തിൽ പെട്ട നീലി, തങ്കമ്മ എന്നീ രണ്ട് സ്ത്രീകളാണ് എത്തിയിട്ടുള്ളത്. ആനച്ചെവിടൻ, രണ്ട് വരി, മൂന്ന് വരി, നാല് വരി, നടുപ്പായ എന്നിങ്ങനെ ഇവയുടെ ഡിസൈൻ അനുസരിച്ച് പേരുകളും വ്യത്യാസപ്പെട്ടിരിക്കും. പുതിയ തലമുറയിൽ ആർക്കും തന്നെ ഈ ജോലി അറിയില്ലെന്നാണ് മേളയിലെത്തിയ നീലി പറയുന്നത്. ഒരു മാസത്തോളം ക്ഷമയോടെ ചെയ്യേണ്ടുന്ന ജോലിയായതിനാൽ പുതിയ തലമുറയ്ക്ക് ഈ ജോലിയിൽ ഒട്ടും താൽപ്പര്യമില്ലെന്നും ഇവർ പറയുന്നു. ആവശ്യക്കാർ വരുന്നതിനനുസരിച്ചാണ് പായ നെയ്ത് നൽകുന്നത്. ഇത് വിപണി കണ്ടെത്താനും പ്രയാസമുണ്ടാക്കുന്നുണ്ട്. കേരള വന ഗവേണഷ സ്ഥാപനത്തിന്റെ മേൽനോട്ടത്തിലാണ് ഇത്തവണ കണ്ണാടിപ്പായ മേളയിൽ എത്തിച്ചിരിക്കുന്നത്. കണ്ണാടിപ്പായ പൈതൃകസ്വത്തായി മാറ്റുന്നതിന്റെ ഭാഗമായി ഭൗമസൂചിക പദവി ലഭിക്കുന്നതിനായി നടപടിക്രമങ്ങൾ നടക്കുകയാണ്. മുള വളർത്തൽ, പരിപാലനം, ചിലവ് കുറഞ്ഞ രീതി, സ്ഥിരവരുമാനം എന്നിവയെക്കുറിച്ചുള്ള ഡിസ്‌പ്ലേയും മേളയിലുണ്ട്. ഇതുകൂടാതെ കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ സ്റ്റോളുകളും മേളയുടെ പ്രധാന ഘടകമാണ്.

തത്സമയമായി മുളയിൽ ചെയ്യുന്ന മ്യൂറൽ പെയിന്റിങ്ങ് മേളയെ കൂടുതൽ ആകർഷണീയമാക്കുന്നു. വയനാട് തൃക്കൈപ്പറ്റയിലെ ഭവം എന്ന സൊസൈറ്റിയിൽ നിന്നുള്ള രണ്ട് സ്ത്രീ ജീവനക്കാരാണ് മ്യൂറൽ പെയിന്റിങ് ലൈവായി ചെയ്യുന്നത്. 2005ൽ തൃക്കൈപ്പറ്റ സ്വദേശികളായ സുജിത്ത്, സൂര്യ എന്നിവർ തുടങ്ങിയ സ്ഥാപനമാണ് പിന്നീട് സൊസൈറ്റിയായി മാറിയത്. ഇന്ന് 20 പേരാണ് ജോലി ചെയ്യുന്നത്. ആളുകൾക്ക് ട്രെയിനിങ്ങും നൽകുന്നുണ്ട്. കൂടുതലും സ്ത്രീകളാണ്. 1000 രൂപ മുതൽ തുടങ്ങുന്ന പെയിന്റിങ്ങിന് മേളയുടെ അവസാന ദിവസങ്ങളിലാണ് സാധാരണയായി ആവശ്യക്കാർ കൂടുന്നത്. അസാമിൽ നിന്ന് മുളയിൽ നിർമിച്ച കസേരയും ഹിമാചൽ പ്രദേശിൽ നിന്നുള്ള മുളകൊണ്ടുള്ള പൂക്കളും മേളയിലേയ്ക്കെത്തുന്നവരുടെ മനസ് നിറക്കുന്നു. ഡിസംബർ 7ന് ആരംഭിച്ച മേള ഡിസംബർ 12ന് അവസാനിക്കും. രാവിലെ 10.30 മുതൽ രാത്രി 8.30 വരെയാണ് പ്രവേശനം. മേളയിൽ പ്രവേശനം സൗജന്യമാണ്.

## സൗജന്യ തൊഴിൽ പരിശീലനം

**കൊച്ചി:** സംസ്ഥാന നൈപുണ്യ വികസന മിഷൻ (KASE), ആസ്റ്റർ ഡിഎം ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെ ജെറിയാട്രിക് കെയർ & റിഹാബ് അസിസ്റ്റന്റ് (GCRA) എന്നീ കേന്ദ്ര ഗവണ്മെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് 6 മാസം ദൈർഘ്യമുള്ള സൗജന്യ തൊഴിൽ പരിശീലനം നടത്തുന്നു. താമസവും ഭക്ഷണവും സൗജന്യമായിരിക്കും. യോഗ്യത: ടടഘഇ. പ്രായപരിധി: 18 നും 35 നും മധ്യേ.(അർഹരായവർക്ക് 40 വയസ്സുവരെ വയസ്സിളവ്). 2024 ഡിസംബർ 15 ന് ആരംഭിക്കുന്ന കോഴ്സിന്റെ പരിശീലനം ആസ്റ്റർ മെഡ്സിറ്റിയിൽ വെച്ചായിരിക്കും നടക്കുന്നത്.കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9747425577

## കുസാറ്റിൽ അന്തർദേശീയ സമ്മേളനം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിലെ സിവിൽ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 12,13,14 തീയതികളിൽ സിവിൽ എൻജിനീയറിങ്ങിലെ നൂതന പ്രവണതകൾ എന്ന വിഷയത്തിൽ അന്തർദേശീയ സമ്മേളനം നടത്തുന്നു.ഇരുന്നൂറിൽ പരം പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനം കുസാറ്റ് വൈസ് ചാൻസലർ ഡോ. എം ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്യും.
മൂന്നു ദിവസത്തെ സമ്മേളനത്തിൽ വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരുടെ ക്ലാസുകൾ ഉണ്ടായിരിക്കും.

# 8 ബില്യൺ സ്പാം കോളുകൾ തിരിച്ചറിഞ്ഞതായി എയർടെൽ

airtel

**കോഴിക്കോട് :** ഇന്ത്യയിലെ ആദ്യത്തെ സ്പാംഫൈറ്റിങ് നെറ്റ് വർക്കായ ഭാരതി എയർടെൽ നിർമിത ബുദ്ധിയിലധിഷ്ഠിതമായ സ്പാംഫൈറ്റിംഗ് സൊല്യൂഷൻ അവതരിപ്പിച്ചതിന് ശേഷം 8 ബില്യൺ സ്പാം കോളുകളും 0.8 ബില്യൺ സ്പാം എസ്എംഎസുകളും കണ്ടെത്തി. സ്പാംഫൈറ്റിംഗ് സൊല്യൂഷൻ അവതരിപ്പിച്ച് രണ്ടര മാസത്തിനുള്ളിലാണിത്. എഐ നെറ്റ്വർക്ക് പ്രതിദിനം 1 ദശലക്ഷം സ്പാമർമാരെ തിരിച്ചറിയുന്നുണ്ട്.
കഴിഞ്ഞ 2.5 മാസത്തിനുള്ളിൽ കമ്പനി 252 ദശലക്ഷം ഉപഭോക്താക്കൾക്ക് സംശയാസ്പദമായ കോളുകളെ കുറിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് ഇത്തരത്തിലുള്ള കോളുകൾക്ക് ഉത്തരം നൽകുന്ന ഉപഭോക്താക്കളുടെ എണ്ണത്തിൽ 12% കുറവുണ്ടായി. എയർടെൽ നെറ്റ്വർക്കിലെ മൊത്തം കോളുകളുടെ ആറ് ശതമാനം സ്പാം കോളുകളായിരുന്നുവെന്ന് തിരിച്ചറിഞ്ഞു, അതേസമയം എല്ലാ എസ്എംഎസുകളുടെയും 2% സ്പാം ആണെന്നും കണ്ടെത്തിയിരിക്കുന്നു. സ്പാമർമാരിൽ 35% പേർ ലാൻഡ്‌ലൈൻ ടെലിഫോണുകൾ ഉപയോഗിച്ചാണ് വിളിക്കുന്നത്.ഡൽഹിയിലെ ഉപഭോക്താക്കൾക്കാണ് ഏറ്റവും കൂടുതൽ സ്പാം കോളുകൾ ലഭിക്കുന്നത്, ആന്ധ്രാപ്രദേശ്, പടിഞ്ഞാറൻ ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ ഉപഭോക്താക്കളാണ് തൊട്ടു പിറകിൽ. ഏറ്റവും കൂടുതൽ സ്പാം കോളുകൾ ഉത്ഭവിക്കുന്നതും ഡൽഹിയിലാണ് മുംബൈയും കർണാടകയുമാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. ഏറ്റവും കൂടുതൽ സ്പാം എസ്എംഎസുകൾ ഗുജറാത്തിൽ നിന്നാണ് എന്ന് മനസ്സിലാക്കാം. കൂടുതൽ എസ് എം എസുകളും ലക്ഷ്യമിടുന്നത് മുംബൈ, ചെന്നൈ, ഗുജറാത്ത് എന്നിവിടങ്ങളിൽ നിന്നുള്ളവരെയാണ്.എല്ലാ സ്പാം കോളുകളും 76% പുരുഷ ഉപഭോക്താക്കളെയാണ് ലക്ഷ്യമിടുന്നത്. സ്പാം കോളുകളുടെ 48% ലഭിച്ചത് 3660 പ്രായപരിധിയിലുള്ള ഉപഭോക്താക്കൾക്കാണ്, അതേസമയം രണ്ടാമതായി ടാർഗറ്റ് ചെയ്യുന്ന 2635 പ്രായപരിധിയിലുള്ളവർക്ക് സ്പാം കോളുകളുടെ 26% ലഭിക്കുന്നു. സ്പാം കോളുകളുടെ ഏകദേശം 8% മാത്രമേ മുതിർന്ന പൗരൻമാരെ ലക്ഷ്യമിടുന്നുള്ളൂ.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !

THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663